കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഏറാമലഗ്രാമപഞ്ചായത്ത്

2016 - 17

ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ് കോഴിക്കോട് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.5/1919/2017

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

കോഴിക്കോട് ജില്ല

തീയതി 01.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ഏറാമല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ഏറാമല ഗ്രാമപഞ്ചായത്ത് - 2016 – 17 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2016 - 17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി.5/1919/2017 തിയ്യതി:01.11.2017

## കോഴിക്കോട് ജില്ലയിലെഏറാമല ഗ്രാമപഞ്ചായത്തിന്റെ

## 2016 – 17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2016 – 17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2016 മുതൽ 22.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വിനോദ് ശ്രീധർ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.08.2017മുതൽ 30.08.2017വരെ<br>7.09.2017മുതൽ 8.9.17വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ . |
| | എൻ.രാജീവൻ . | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | മനോഹരൻ എ.വി | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | വിജേഷ് .കെ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എം.കെ ഭാസ്കരൻ | 01.04.2016 – 31.03.2017 |
| സെക്രട്ടറി<br>(അസി.സെക്രട്ടറി ഇൻ-ചാർജ്ജ്)<br>സെക്രട്ടറി | ശശികുമാർ .വി.കെ | 01.04.2016- 23.07.2016<br>05.08.2016- 19.08.2016<br>12.11.2016- 31.03.2017 |
| | മാത്യൂ.കെ.ഡാനിയേൽ | 23.07.2016 – 04.08.2016<br>20.08.2016- 11.11.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.സെക്രട്ടറി. | ശശികുമാർ .വി.കെ | 01.04.2016 – 31.03.2017 |
| കൃഷി ഓഫീസർ. | നിഷാന്ത് കെ.രാമൻ | 01.04.2016 – 31.03.2017 |
| വെറ്റിനറി സർജൻ. | ഡോ. ഗ്യാനേന്ദ്ര സിംഗ് | 01.04.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ.(ഹോമിയോ) | 1.ഡോ. സാഹിറ<br>2.ഡോ. പ്രതിഭ | 01.04.2016 – 02.07.2016<br>03.07.2016- 31.03.2017 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ചെറിയാൻ കെ.ജി. | 01.04.2016 – 31.03.2017 |
| അസി.എഞ്ചിനീയർ. | ഷീന.സി.എം. | 01.04.2016 – 31.03.2017 |
| ഐ സി ഡി എസ് സൂപ്പർവൈസർ | പ്രീത | 01.04.2016 – 31.03.2017 |
| വി.ഇ.ഒ | പ്രത്യൂഷരാജ് പി.വി. | 01.04.2016 – 31.03.2017 |
| ഹെഡ് മാസ്റ്റർ. | | 01.04.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ബിന്ദുരാജൻ.എൻ.എം. | 01.04.2016 – 31.03.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷീക ധനകാര്യ പത്രിക-2016-17 പരിശോധന -അപാകതകൾ | 2-1 |
| 12 | ഏറാമല ഗ്രാമപഞ്ചായത്ത് സാംഖ്യാധിഷ്ഠിത .വാർഷീക ധനകാര്യ പത്രിക- 2016-17 അവലോകനം. | 2-2 |
| 13 | രസീതുകളുടെ ഉപയോഗം- അപാകതകൾ | 2-3 |
| 14 | കെട്ടിട നിർമാണ പെർമിറ്റ് - കെട്ടിട നമ്പർ അനുവദിക്കുന്നതിലെ അപാകതകൾ | 2-4 |
| 15 | ലേലം- അപാകതകൾ | 2-5 |
| 16 | കമ്മ്യൂണിറ്റി ഹാൾ കം കല്യാണ മണ്ഡപം- അപാകതകൾ | 2-6 |
| 17 | വസ്തു നികുതി-പൊതു അവലോകനം | 2-7 |

| | | |
|---|---|---|
| 18 | ഏറാമല ഗ്രാമപഞ്ചായത്ത് ടാക്സി സ്റ്റാന്റ് വാടക പിരിവ്- അപാകതകൾ | 2-8 |
| 19 | പഞ്ചായത്ത് വാടക കെട്ടിടങ്ങൾ- അപാകതകൾ | 2-9 |
| 20 | തൊഴിൽ നികുതി - അപാകതകൾ | 2-10 |
| | ഭാഗം 3 | |
| 21 | മഴക്കാലപൂർവ്വശുചീകരണം-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.ചെലവ് തുക1,20,000രൂപ തടസ്സത്തിൽ വെക്കുന്നു | 3-1 |
| 22 | വെള്ളക്കരംഒടുക്ക്-പൊതുടാപ്പുകളുടെഎണ്ണം, സംയുക്ത പരിശോധനാ റിപ്പോർട്ട് എന്നിവ സൂക്ഷിക്കുന്നില്ല. | 3-2 |
| 23 | ക്ഷേമപെൻഷൻ അപേക്ഷകളിന്മേൽ തുടർനടപടിയും ആനുകൂല്യവിതരണവും സമയബന്ധിതമായി തീർപ്പാക്കുന്നില്ല . | 3-3 |
| 24 | നിർവ്വഹണത്തിൽ വീഴ്ച -പദ്ധതിച്ചെലവ് കുറഞ്ഞു-1.85കോടി രൂപ നഷ്ടപ്പെടുത്തി | 3-4 |
| 25 | കരാർ വച്ച മരാമത്ത് പ്രവൃത്തികൾ ആരംഭിക്കുന്നതിലും പൂർത്തീകരിക്കുന്നതിലും കാലതാമസം | 3-5 |
| 26 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല | 3-6 |
| 27 | ഡെപ്പോസിറ്റ് വർക്ക്-കരാർ ചമച്ചില്ല- മറ്റ് അപാകതകൾ | 3-7 |
| 28 | സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-8 |
| 29 | മരാമത്ത് പദ്ധതികൾ-കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുകകൾ ഭാഗികമായി പിൻവലിച്ചു- ടി.എസ്.പി അക്കൗണ്ടിൽ നിക്ഷേപിച്ചു | 3-9 |
| 30 | അംഗൻവാടികളിലെ പോഷകാഹാര വിതരണം- കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ കുറവ്-വികസനഫണ്ട് വകമാറ്റപ്പെടുന്നു | 3-10 |
| 31 | റോഡ് തകർന്നത്-തുടർനടപടി സ്വീകരിക്കുന്നില്ല | 3-11 |
| 32 | പുഴ പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല | 3-12 |
| 33 | കോടതി വിധി പ്രകാരം വ്യവഹാരച്ചെലവ് ലഭിക്കേണ്ടത്- തുടർ നടപടികൾ സ്വീകരിച്ചില്ല | 3-13 |
| 34 | എസ്.എസ്.എ.പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിൽ വീഴ്ച | 3-14 |
| 35 | അസി.സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം - രേഖകൾ ഹാജരാക്കിയില്ല | 3-15 |
| 36 | ആശ്രയ ഭവന പദ്ധതി ഗുണഭോക്താക്കൾക്കുള്ള ധനസഹായം ചെലവഴിക്കാതെ പ്രത്യേക ബേങ്ക് എക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 3-16 |
| 37 | ലാപ് ടോപ്പ് വാങ്ങൽ - നിർവ്വഹണത്തിലെ അപാകതകൾ | 3-17 |

| | | |
|---|---|---|
| 38 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 3-18 |
| | ഭാഗം 4 | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ) | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6. |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.16 തിയതിയിലെ 33/16 തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 29.3.2017തിയതിയിലെ 2(1) തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 27.07.2017 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26240937.53 |
| വരവ് | 53210664 |

| | |
|---|---|
| ആകെ | 79451601.53 |
| ചെലവ് | 43925213 |
| നീക്കിയിരിപ്പ് | 35526388.53 |

## 1-5 ഫണ്ട് വിനിയോഗം(എ സി ആർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12023552 | 12023552 | 8560598 | 3462954 | 71.2% |
| വികസനഫണ്ട് എസ്.സി.പി. | 0 | 1444809 | 1444809 | 749292 | 695517 | 51.86% |
| വികസനഫണ്ട് ടി.എസ്.പി. | 0 | --- | ---- | ---- | ---- | ---- |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10406217 | 10406217 | 4582568 | 5823649 | 44.04% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3338799 | 3338799 | 1022000 | 2316799 | 30.61% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6743455 | 6743455 | 3697211 | 3046244 | 54.83% |
| പെർഫോമൻസ് ഗ്രാന്റ് | 0 | | | | | |
| എം.എൻ.ആർ.ഇ.ജി.എസ്. | | | | | | |
| ബി ഫണ്ട് | 0 | 51814350 | 51814350 | 51814350 | ------ | 100% |
| ലോക ബാങ്ക് കേന്ദ്രം | | 2603072 | 2603072 | 472670 | 2130402 | 18.5% |
| ലോക ബാങ്ക് സംസ്ഥാനം | | 928088 | 928088 | 294000 | 634088 | 31.61% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 195 | | 63 | | 96 | 36 | 32% |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4748050 | 5839748 | 1091698 | 22.99 |
| നികുതിയേതര വരവുകൾ | 798486 | 1002530 | 204044 | 25.55 |
| മറ്റുവരവുകൾ | 1038368 | 635100 | 403268 | -38.84 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 233760 | 150 |
| കർഷകതൊഴിലാളി പെൻഷൻ | 8420260 | 3849 |
| വിധവാപെൻഷൻ | 15194910 | 5662 |
| വാർദ്ധക്യകാലപെൻഷൻ | 23747680 | 7329 |
| വികലാംഗപെൻഷൻ | 2926620 | 1244 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 931120 | 378 |
| വിവാഹ ധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.08.2017 ന് 10.30 എ.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 72,004/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | 03/2017 | എ10-3001/17ഡിസംബർ |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04/11/2016-14.11.16 | 2011-12മുതൽ2015വരെ | LBA (HQ)vi/8A-2524//144 26.12.2016 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷീക ധനകാര്യ പത്രിക-2016-17 പരിശോധന -അപാകതകൾ

2016-17സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1. കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം ഓരോ മാസവും 10ാം തീയ്യതിക്ക് മുമ്പ് കഴിഞ്ഞമാസത്തെ രസീറ്റ് ആന്റ് പെയ്മന്റ് പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങണം. എന്നാൽ 2016-17 സാമ്പത്തിക വർഷം ഏറാമല ഗ്രാമ പഞ്ചായത്തിൽ ഇത് പാലിച്ചിട്ടില്ല. എല്ലാമാസവും 10ാം തീയ്യതിക്ക് ശേഷമാണ് സമർപ്പിച്ച് അംഗീകാരം വാങ്ങിയത്.

2. 2016-17 സാമ്പത്തിക വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല. സ്റ്റോക്കിന്റെ പ്രാരംഭ മൂല്യം,തൻവർഷത്തെ പർച്ചേസുകളുടെ മൂല്യം,ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ തയ്യാറാക്കിയിട്ടില്ല.

3. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ സ്ഥാവര ജംഗമ ആസ്തികൾ കാലികമാക്കി സ്ഥാപനത്തിന്റെ ആസ്തികൾ എഴുതി സൂക്ഷിച്ച് സാംഖ്യ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. 2015-16 വാർഷീക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 21,23,634/രൂപയാണ് . എന്നാൽ 2016-17 വാർഷീക കണക്ക് പ്രകാരം വസ്തു നികുതി അരിയർ കളക്ഷനായിലഭിച്ചത് 13,17,593/ രൂപയും അരിയർ ബാലൻസായി 3,76,134/രൂപയുമാണ്. ആകെ 16,93,727/രൂപ. വസ്തു നികുതി അരിയർ ഇനത്തിൽ 4,29,907/ രൂപയുടെ വ്യത്യാസംവരാനുള്ള കാരണം ഓഡിറ്റിന് വിശദീകരിക്കേണ്ടതാണ്.

5. 2016-17 വാർഷീക ധനകാര്യ പത്രിക,ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രകാരം ഡി&ഒ ലൈസൻസ് ഫീ ഡിമാന്റ് 1,29,640/രൂപയും,കളക്ഷൻ 1,29,640/ രൂപയുമാണ്. എന്നാൽ 2016-17 വർഷത്തെ ഡി&ഒ ഡിമാന്റ് രജിസ്റ്ററിലെ തുകകൾ കൂട്ടിനോക്കിയപ്പോൾ ആകെ വരവ് 1,33,040 രൂപയാണ് .വ്യത്യാസം 3400 രൂപ.(ഡിമാന്റ് രജിസ്റ്റർ പേജ് 5, പേജ് 47) എന്നിവയിൽ യഥാക്രമം 3,000രൂപ,400 രൂപ വ്യത്യാസം ഉണ്ട്.

6. 2016-17 വാർഷീക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിൽ ഡിമാന്റ് തുക2,31,040/ രൂപയും,കളക്ഷൻ 2,25,790/ രൂപയും ബാലൻസ് 5,250/ രൂപയുമാണ് .എന്നാൽ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് 2,36,040/ രൂപയുംവരവ് 2,25,790/ രൂപയുമാണ്.ബാലൻസ് 10,250/രൂപ.വ്യത്യാസംഉ ണ്ടാവാനുണ്ടായ കാരണം ഓഡിറ്റിന് വിശദീകരിക്കേണ്ടതാണ്. കൂടാതെ കെട്ടിടം വാടകയ്ക്ക് നല്കിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ 2016 ഡിസംബർ മാസം13മുറികൾ ലേലം ചെയ്ത് നല്കിയത് പ്രകാരം1,92,150രൂപകൂടി തൻ വർഷം ലഭിക്കാനുണ്ട്.എന്നാൽ മേൽ തുക പരിഗണിക്കാതെയാണ് തൻവർഷ ഡിമാന്റ് കണക്കാക്കിയിരിക്കുന്നത് വാടകയിനത്തിൽ 1,92,150രൂപ ലഭിക്കാനുള്ളത് 2016-17 വർഷത്തെ ധനകാര്യ പത്രികയിൽ(ഡിമാന്റിൽ) ഉൾപ്പെടാത്തതിനുള്ള കാരണവും ഓഡിറ്റിന് വിശദീകരിക്കേണ്ടതാണ് .

7. സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുത്തി മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 1,12,500 രൂപ(ഡി.ഡി നം. 28626 തീയ്യതി .17.03.17 )ചെലവഴിച്ചത് പദ്ധതി ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണ പ്രോജക്ടിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രിക അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 14/201617 തീയ്യതി 8/9/2017 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-2 ഏറാമല ഗ്രാമപഞ്ചായത്ത് സാംഖ്യാധിഷ്ഠിത - വാർഷീക ധനകാര്യ പത്രിക-2016-17 അവലോകനം

2010 ഒക്ടോബർ മുതൽ ഗ്രാമപഞ്ചായത്തിൽ സാംഖ്യ സംവിധാനം നിലവിൽ വന്നെങ്കിലും 2016-17 നടപ്പ് വർഷവും സ്ഥാപനത്തിന്റെ ബജറ്റ് ഫംഗ്ഷൻ ഫംഗഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കി അംഗീകാരം വാങ്ങി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.കൂടാതെ ബജറ്റ് സിംഗിൾ എൻടി സമ്പ്രദായത്തിലും വാർഷീകധനകാര്യ പത്രിക അക്രൂവൽ

അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം അസാധ്യമാണ്.

2016-17 സാമ്പത്തീക വർഷവും സാംഖ്യ സമ്പ്രദായത്തിലേക്ക് മാറുന്നതിന് മുൻപുണ്ടായിരുന്ന കൈമാറികിട്ടിയ സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ സ്ഥാവര ജംഗമ ആസ്തികൾ കാലികമാക്കി സ്ഥാപനത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തി സാംഖ്യ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.കൂടാതെ 2016-17 വർഷത്തെ സ്ഥാപനത്തിന്റെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുകയോ സ്റ്റോക്കിന്റെ പ്രാരംഭമൂല്യം,തൻവർഷ പർച്ചേസുകളുടെ മൂല്യം,ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ കണക്കാക്കുകയോ ചെയ്തിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് നിർവഹണ ഘട്ടത്തിൽ ഈടാക്കുന്ന വാറ്റ്,ആദായനികുതി,നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ 2016-17 വർഷത്തെ സാംഖ്യാധിഷ്ഠിത വാർഷീക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.മാത്രമല്ല സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുത്തി മാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് മുഖേനയുള്ള തുകകൾ ചെലവഴിച്ചത് പദ്ധതി ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല( ഉദാ:- ഡി.ഡി നം. 28626 തീയ്യതി .17.03.17 തുക1,12,500 രൂപ)

വസ്തു നികുതി ഇനത്തിൽ മുൻവർഷ സാംഖ്യാധിഷ്ഠിത വാർഷീക ധനകാര്യ പത്രികബാലൻസ് ഷീറ്റ് അരിയറും തൻവർഷസാംഖ്യാധിഷ്ഠിത വാർഷീക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് അരിയർ ഇനത്തിൽ പിരിച്ചെടുത്തതുകയും,ബാലൻസുംചേർന്ന ആകെതുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2015-16 വാർഷീക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 21,23,634/രൂപയാണ് . എന്നാൽ 2016-17 വാർഷീക കണക്ക് പ്രകാരം വസ്തു നികുതി അരിയർ കളക്ഷനായിലഭിച്ചത് 13,17,593/ രൂപയും അരിയർ ബാലൻസായി 3,76,134/രൂപയുമാണ്. ആകെ 16,93,727/രൂപ. വസ്തു നികുതി അരിയർ ഇനത്തിൽ 4,29,907/ രൂപയുടെ വ്യത്യാസം വന്നത് സാംഖ്യാധിഷ്ഠിത വാർഷീക ധനകാര്യ പത്രിക തയ്യാറാക്കുന്നതിലെ പോരായ്മയാണ്.

## 2-3 രസീതുകളുടെ ഉപയോഗം- അപാകതകൾ

1) ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്ക് അനുവദിച്ച രസീതു ബുക്കുകളിൽ കെട്ടിട നികുതി പിരിക്കുമ്പോൾ കെട്ടിട നികുതി വർഷം, നികുതി, ലൈബ്രറി സെസ്സ് എന്നിവ പിരിച്ചെഴുതാതെ ഇവ എല്ലാം കൂടി കൂട്ടി കിട്ടുന്ന തുകയാണ് 2016-17 നികുതി എന്ന് രേഖപ്പെടുത്തി വാങ്ങുന്നത്. ഇത് മൂലം കക്ഷികൾക്ക് തങ്ങളുടെ നികുതി എത്രയെന്നോ, കുടിശ്ശിക നികുതി, കുടിശ്ശിക സെസ്സ് എന്നിവ എത്രയെന്നോ വ്യക്തമാവുന്നില്ല. കൂടാതെ മേൽ രീതിയിൽ നികുതി പിരിക്കുന്നതിനാൽ കലക്ഷൻ രജിസ്റ്ററിൽ നികുതി, സെസ്സ് എന്നിവ പിരിച്ചെഴുതുമ്പോൾ നികുതിയിലും സെസ്സിലും ഡിമാന്റ് രജിസ്റ്ററിലെ നികുതിയുമായി വ്യത്യാസം വരുന്നതായും കാണുന്നു. പഞ്ചായത്തിൽ രസീത് ബുക്ക് അനുവദിച്ച എല്ലാ ജീവനക്കാരും നികുതി രസീത് ബുക്കിൽ രേഖപ്പെടുത്തുന്നത് മേൽ പ്രകാരമാണ്.

2) ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന രസീത് ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയാണ് അനുവദിക്കുന്നത്.

3) രസീത് കലക്ഷൻ പഞ്ചായത്തിൽ ഒടുക്കുന്നതിൽ വന്ന അപാകതകൾ

| ക്രമ നമ്പർ | ജീവനക്കാരൻ | രസീത് ബുക്ക് നമ്പർ, രസീത് നമ്പർ, തീയതി | രസീത് പ്രകാരമുള്ള തുക | ഒടുക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | ശാന്തി.ആർ.കെ ക്ലാർക്ക് | 23892/39 തീയതി 13/01/17 | 590 | 580 | 10 |
| 2 | " | 23904/16 തീയതി 16/02/17 | 182 | 68 | 114 |
| 3 | " | 23904/61 തീയതി 18/02/17 | 597 | 568 | 29 |
| 4 | " | 23911/64 തീയതി 01/03/17 | 338 | 160 | 178 |

| | | | | | |
|---|---|---|---|---|---|
| 5 | " | 23911/86 തീയതി 04/03/17 | 180 | 172 | 8 |
| 6 | " | 23914/8 തീയതി 13/03/17 | 50 | 0 | 50 |
| 7 | " | 23914/16 തീയതി 13/03/17 | 230 | 221 | 9 |
| 8 | " | 23918/2 തീയതി 22/03/17 | 190 | 187 | 3 |
| 9 | " | 23921/3 തീയതി 21/03/17 | 500 | 250 | 250 |
| 10 | " | 23918/32 മുതൽ 53വരെ തീയതി 25/03/17 | 24653 | 22247 | 2406 |
| 11 | ഹരീഷ്,ക്ലാർക്ക് | 23912/46മുതൽ 55വരെ തീയതി 27/03/17 | 6417 | 6407 | 10 |
| 12 | കരുമാകരൻ | 23897/86 തീയതി 18/01/17 | 230 | 130 | 100 |
| ആകെ | | | 33567 | 30410 | 3157 |

മേൽ തുക ഓഡിറ്റ്എൻക്വയറിയുടെ (നം.15/16-17/8.9.17) അടിസ്ഥാനത്തിൽ ഒടുക്കിയിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമമായ പരിശോധനയുടെ അഭാവമാണ് ഇത്തരം അപാകതകൾ ആവർത്തിക്കുന്നത്. ഇത് കാര്യക്ഷമമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-4 കെട്ടിട നിർമാണ പെർമിറ്റ് - കെട്ടിട നമ്പർ അനുവദിക്കുന്നതിലെ അപാകതകൾ

1) ശ്രീ. ബാബു, പുതിയോട്ടിൽ എന്നവർക്ക് 14/400A നമ്പർ കെട്ടിട നമ്പർ അനുവദിച്ചതിലെ അപാകതകൾ

| ഉടമസ്ഥൻ | കെട്ടിട നമ്പർ | ബിൽഡിംഗ് പെർമിറ്റ് നമ്പർ | ബിൽഡിംഗ് പെർമിറ്റ് ഡേറ്റ് | റീ.സർവെ നമ്പർ | സ്ഥല വിസ്തീർണം |
|---|---|---|---|---|---|
| ബാബു, പുതിയോട്ടിൽ | 14/400A | A4/2347/15 | 18-06-2015 | 179/1 | 3.136 ആർ |

മേൽ കെട്ടിടത്തിന് പെർമിറ്റിനായി സമർപ്പിച്ച 12-04-2015 ലെ അപേക്ഷയുടെ കൂടെ സമർപ്പിച്ച 10-03-2015ലെ 661/2015 കൈവശാവകാശ സർട്ടിഫിക്കറ്റിൽ നഞ്ച എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഞ്ച കമ്മിറ്റിയുടെ പരിഗണനക്ക് വിടാതെ ഓവർസിയർക്ക് കൈമാറിയ ഫയലിൽ 15-05-2015ന് സ്ഥല പരിശോധന നടത്തിയ ഓവർസിയർ സൈറ്റ് പ്ളാൻ കെ.പി.ബി.ആർ പാലിക്കുന്നു, പെർമിറ്റ് നൽകാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന് ശേഷം നഞ്ച കമ്മിറ്റിക്ക് വെക്കാനായി സെക്രട്ടറി കുറിപ്പെഴുതുകയും എന്നാൽ കമ്മിറ്റിക്ക് ഫയൽ വെക്കാതെ 10-06-2015 ലെ വില്ലേജ് ഓഫീസറുടെ, മേൽ പറഞ്ഞ ഭൂമി നെൽ വയൽ തണ്ണീർതട രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്ന സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി 18-06-2015 ന് പെർമിറ്റ് അനുവദിക്കുകയും 14/400A എന്ന് നമ്പർ 2016-17 ൽ അനുവദിക്കുകയും ചെയ്തു. ക്രമക്കേടിന് വിശദീകരണം നൽകേണ്ടതാണ്.

2) ശ്രീ. അസീസ്, നടുവിലെകണ്ടി താഴെകുനി എന്നവർക്ക് 12/309B നമ്പർ കെട്ടിട നമ്പർ അനുവദിച്ചതിലെ അപാകതകൾ

| ഉടമസ്ഥൻ | കെട്ടിട നമ്പർ | ബിൽഡിംഗ് പെർമിറ്റ് നമ്പർ | ബിൽഡിംഗ് പെർമിറ്റ് ഡേറ്റ് | റീ.സർവെ നമ്പർ | സ്ഥല വിസ്തീർണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| അസീസ്, നടുവിലെകണ്ടി താഴെകുനി | 12/309B | A4/4357/15-16 | 20-07-2015 | 15/28 | .0765 ആർ |

മേൽ കെട്ടിടത്തിന് പെർമിറ്റിനായി സമർപ്പിച്ച അപേക്ഷയുടെ കൂടെ സമർപ്പിച്ച 27-03-2014 ലെ കൈവശാവകാശ സർട്ടിഫിക്കറ്റിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഞ്ച കമ്മിറ്റിയുടെ പരിഗണനക്ക് വിടാതെ ഓവർസിയർക്ക് കൈമാറിയ ഫയലിൽ ഓവർസിയറുടെ 12-02-2015 ലെ റിപ്പോർട്ടിലോ, 19-03-2015 ലെ റിപ്പോർട്ടിലോ, നിലം എന്ന് രേഖപ്പെടുത്തിയിട്ടില്ല. സ്ഥല പരിശോധന നടത്തിയ ഓവർസിയർ സൈറ്റ് പ്ളാൻ കെ.പി.ബി.ആർ പാലിക്കുന്നു, പെർമിറ്റ്നൽകാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി കമ്മിറ്റിക്ക് ഫയൽ വെക്കാതെ 20-07-2015 ന് പെർമിറ്റ് അനുവദിക്കുകയും 2016-17 ൽ 12/309B എന്ന് നമ്പർ അനുവദിക്കുകയും ചെയ്തു. ക്രമക്കേടിന് വിശദീകരണം നൽകേണ്ടതാണ്.

3) ശ്രീ.ബാലകൃഷ്ണൻ, കാവിൽ പറമ്പത്ത് എന്നവർക്ക് 16/18A,B,C എന്നീ കെട്ടിട നമ്പർ അനുവദിച്ചതിലെ അപാകതകൾ

| ഉടമസ്ഥൻ | കെട്ടിട നമ്പർ | ബിൽഡിംഗ് പെർമിറ്റ് നമ്പർ | ബിൽഡിംഗ് പെർമിറ്റ് ഡേറ്റ് | റീ.സർവെ നമ്പർ | സ്ഥല വിസ്തീർണം |
|---|---|---|---|---|---|
| ബാലകൃഷ്ണൻ, കാവിൽ പറമ്പത്ത് | 16/18A,B,C | A4/ 4887/10 | 29/06/2010 | 77/27 | 0.0668 ഹെക്ടർ |

മേൽ കെട്ടിടത്തിന്റെ കംപ്ളീഷൻ അപേക്ഷയിൽ ഓവർസിയറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം, ഫ്ളോർ മില്ല് നിർമാണം പൂർത്തീകരിച്ചത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാണ് എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ അപേക്ഷകൻ പെർമിറ്റ് എടുത്തത് വാണിജ്യ കെട്ടിടത്തിന് ആണ്. ഫ്ളോർ മില്ല് എന്നത് ഒരു വ്യാവസായിക കെട്ടിടമാണ്. ഫ്ളോർ മില്ല് പ്രവർത്തിക്കുന്നതിനാവശ്യമായ അളവുകൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പാലിച്ചിട്ടില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഫയർ & റസ്ക്യൂവിന്റെയും നിരാക്ഷേപ സാക്ഷ്യപത്രമില്ലാതെ വാണിജ്യ കെട്ടിടം വ്യാവസായിക കെട്ടിടമായി നമ്പർ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

4) കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്റർ, കെട്ടിട നമ്പറിംഗ് രജിസ്റ്റർ എന്നിവയിൽ കെട്ടിടത്തിന്റെ തരം, വിസ്തീർണം എന്നിവ സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (ഓഡിറ്റ്എൻക്വയറി നം 18/16-17/8.9.17) മറുപടി നൽകിയിട്ടില്ല. മേൽ പറഞ്ഞ ആദ്യത്തെ 2 കേസുകളിലും ഇല്ലാത്ത അധികാരം ഉപയോഗിച്ച് പെർമിറ്റ് നൽകിയതാണ്. അനധികൃതമായി പെർമിറ്റ് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-5 ലേലം- അപാകതകൾ

1) ഗ്രാമപഞ്ചായത്ത് മത്സ്യമാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ളക്സിലെ 14/701 R,Q എന്നീ മുറികൾ ശ്രീ. ഷംസുദ്ദീൻ, മാവുള്ള താഴെകുനി, ഓർക്കാട്ടേരി എന്നയാൾ ലേലം കൊണ്ട ലേല ഡയറിയിൽ ലേലത്തിൽ പങ്കെടുത്തവരുടെ ഒപ്പ് രേഖപ്പെടുത്തേണ്ട കോളത്തിൽ ശ്രീ. ഷംസുദ്ദീൻ, മാവുള്ള താഴെകുനി, ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നൻകേണ്ടതാണ്.

2)ഗ്രാമപഞ്ചായത്ത് നടത്തിയ ലേലത്തിന്റെ ലേല ഡയറികളിൽ ഒന്നും സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

3) ലേലം കൊണ്ട വ്യക്തികൾ സമർപ്പിച്ച കരാറിൽ എഴുതിയിട്ടില്ല.

4) ലേല ഡയറിയിൽ ലേലം വിളിച്ച ആളുടെ വിശദാംശങ്ങൾ, സാക്ഷികളുടെ പേര്, സാക്ഷികളുടെ ഒപ്പ്, ലേലം അംഗീകരിച്ച പഞ്ചായത്ത് തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

5) ലേല രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം 20/16-17/8.9.17) മറുപടി നൽകിയിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-6 കമ്മ്യൂണിറ്റി ഹാൾ കം കല്യാണ മണ്ഡപം- അപാകതകൾ

24/06/15 ലെ 66/15 നമ്പർ പഞ്ചായത്ത് തീരുമാനിച്ച പ്രകാരമുള്ള ബൈലോ പഞ്ചായത്ത് ഡയരക്ടർക്ക് അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും ഓഡിറ്റ് കാലയളവ് വരെയും ബൈലോയിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ കം കല്യാണ മണ്ഡപത്തിന് അംഗീകരിച്ച ബൈലോ ഇല്ലാതെയാണ് നിലവിൽ വാടക പിരിക്കുന്നത്. ബൈലോ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായി 66/15 നമ്പർ പഞ്ചായത്ത് തീരുമാനിച്ച പ്രകാരമുള്ള വിവിധ ആവശ്യങ്ങൾക്ക് വിവിധ നിരക്കിലുള്ള തുകയാണ് നിലവിൽ വാടകയായി വാങ്ങിക്കൊണ്ടിരിക്കുന്നത്.

വാടകയിനത്തിൽ കുറവ് വന്ന തുക ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| കമ്മ്യൂണിറ്റി ഹാൾ ബുക്ക് ചെയ്ത ആൾ | ഏത് ദിവസത്തേക്കാണ് ബുക്ക് ചെയ്തത് | ബുക്ക് ചെയ്തപ്പോൾ ഒടുക്കിയ തുക | രസീത് നമ്പർ | അനുബന്ധ ചാർജ്ജുകളടക്കം യഥാർത്ഥത്തിൽ അടക്കേണ്ട തുക | നഷ്ടം |
|---|---|---|---|---|---|
| ഇ.കെ.ബാബു, എനാന്തികുനിയിൽ, കാർത്തികപ്പള്ളി | 15/01/17 | 4750 | 11603105131 തീയതി 16/01/17 | 22250 (വാടക-15000, സർവീസ്ടാക്സ്-3750, വൈദ്യുതി-1000, വെള്ളം-2500) | 17500 |
| ഇ.പി.പ്രഭാകരൻ, ശ്രുതിലയം,ഓർക്കാട്ടേരി | 05/01/17, 06/01/17, 07/01/17, 08/01/17 | 4750 | 104604 തീയതി 30/12/16 | 19000 (ഒരു ദിവസത്തേക്ക് വാടക-3000, സർവീസ് ടാക്സ്-750, വൈദ്യുതി-500, വെള്ളം-500) | 14250 |
| വിനീഷ്, കാർത്തികപ്പള്ളി | 06/10/2016 | 3500 | 103186തീയതി 05/10/16 | 22250 (വാടക-15000, സർവീസ് ടാക്സ്-3750, വൈദ്യുതി-1000, വെള്ളം-2500) | 18750 |
| ആകെ നഷ്ടം | | | | | 50500/- |

അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം 22/16-17/8.9.17) മറുപടി നൽകിയിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

കുറവ് വന്ന തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-7 വസ്തു നികുതി-പൊതു അവലോകനം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. പുതുക്കിയ വസ്തു നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ച(13-12-11ലെ PR129/2011ആം നമ്പർ തീരുമാനം) നികുതി നിർണ്ണയത്തിന് വേണ്ടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളെ പ്രാഥമിക മേഖല, ദ്വിതീയ മേഖല ,തൃതീയ മേഖല എന്ന് തരം തിരിച്ചിട്ടുണ്ട്. എന്നാൽ തൃതീയ മേഖലയിൽ ഉൾപ്പെടുന്ന സ്ഥലങ്ങൾ പഞ്ചായത്തിൽ ഇല്ല.

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ ചേർക്കും പ്രകാരം ആണ്

| | കെട്ടിടങ്ങളുടെ വിവരണം | നികുതി നിരക്ക് ച. മീ |
|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | 4രൂപ |
| | വാണിജ്യാവശ്യത്തിനുള്ളവ<br>1-100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 40 രൂപ |

| | | |
|---|---|---|
| | 2-100ച.മീറ്ററനുകളിൽതറവിസ്തീർണ്ണമുള്ള ഹോട്ടൽ.ഷോപ്പുകൾ | 60 രൂപ |
| | 3-200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 50രൂപ |
| | 4-200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഹോട്ടൽ | 70 രൂപ |
| | 5-ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റഷനുകൾ | 40 രൂപ |
| 3 | ആഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളോടനു ബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 40 രൂപ |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 4 രൂപ |
| 5 | ആശുപത്രികൾ | 6രൂപ |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ആഡിറ്റോറിയം, സിനിമാ തിയേറ്റർ, ലോഡ്ജ് | 30 രൂപ |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ [1-കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ഇഷ്ടിക ചൂള, പീലിംഗ് ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്] | 10 രൂപ |
| | 2-ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 50 രൂപ |
| 8 | റിസോർട്ടുകൾ | 80 രൂപ |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 30 രൂപ |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 500 രൂപ |

നികുതി ദായകർക്ക് തറ വിസ്തീർണം അടിസ്ഥാനമാക്കിയാണ് നികുതി ഈടാക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വേറിൽ ഡാറ്റാ എൻട്രി ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ കെട്ടിടങ്ങൾക്കും ഫോറം നം-6 പൂരിപ്പിച്ചതിന് ശേഷം മാത്രമാണ് ഡാറ്റാ എൻട്രി ജോലികൾ പൂർത്തിയാക്കിയത്.

ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

100 ച.മീ യിൽ കൂടുതൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് പകരം, ഇത്തരം കെട്ടിടങ്ങൾക്ക് ഒന്നിലധികം നമ്പരുകൾ നല്കി വേറെ വേറെ കെട്ടിടങ്ങളായി പരിഗണിച്ച് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്. വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്റർ വെച്ച് സൂക്ഷിക്കുന്നുണ്ട്. ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ പൊതു ടാപ്പുകളും തെരുവു വിളക്കുകളും അടക്കമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെങ്കിലും സേവന ഉപ നികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിന് ഒരുനടപടിയും സ്വീകരിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഡിമാൻഡ് ചെയ്ത തുകയുടെ (സഞ്ചയ പ്രകാരം) 73% മാത്രമാണ് പിരിച്ചെടുക്കാൻ സാധിച്ചത്. മുൻ വർഷങ്ങളിലെ കുടിശ്ശികയായ വസ്തു നികുതിയുടെ 78 % മാത്രമാണ് ഈടാക്കാൻ സാധിച്ചിട്ടുള്ളത്. കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് ഇളവുകളും അതിനനുസരിച്ചുള്ള വർദ്ധനവും ഉറപ്പ് വരുത്തിയിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 9097വീടുകളും 2715വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും 9 വ്യവസായങ്ങൾക്കുള്ള കെടിടങ്ങളും 9 വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളും 3 മൊബൈൽ ടവറുകളും 17 ഓഡിറ്റോറിയങ്ങളും നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 581 കെട്ടിടങ്ങളും 2 ആശുപത്രി കെട്ടിടങ്ങളും ഉൾപ്പെടുന്നു. പഞ്ചായത്തിലെ കെട്ടിട നികുതി അടവാക്കുന്നതിന് online സൗകര്യം

ഏർപ്പെടുത്തിയിട്ടുണ്ട്.

## 2-8 ഏറാമല ഗ്രാമപഞ്ചായത്ത് ടാക്സി സ്റ്റാന്റ് വാടക പിരിവ്- അപാകതകൾ

ടാക്സി സ്റ്റാന്റ് വാടക പിരിവ് 11/03/2016 ലെയും 09/12/2016 ലെയും ലേലത്തിൽ വച്ചെങ്കിലും ആരും എടുക്കാത്തതിനാൽ പുനർ ലേലം നടത്താതെ പഞ്ചായത്ത് നേരിട്ട് വാടക പിരിക്കുന്നത് മൂലം ദിവസക്കൂലിയിനത്തിൽ 75/- രൂപ പിരിവിനായി താൽകാലികമായി നിയമിച്ച ആൾക്ക് 2016-17 ൽ 26700/- രൂപ നൽകേണ്ടി വന്നു. 2016-17 ൽ 32913/- രൂപയാണ് വാടകയിനത്തിൽ പഞ്ചായത്തിന് ലഭിച്ചത്.

ടാക്സി സ്റ്റാന്റ് രസീത് പരിശോധനയിൽ നിന്നും ടാക്സി സ്റ്റാന്റിൽ നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന വാടക ചുവടെ കൊടുക്കുന്നു.

| വാഹനം | ദിവസ വാടക |
|---|---|
| ജീപ്പ് | 4 |
| ഓട്ടോ റിക്ഷ, ഗുഡ്സ് ഓട്ടോ, കാർ | 5 |
| ടിപ്പർ ലോറി, ടെമ്പോ വാൻ | 10 |
| വലിയ ലോറി | 20 |

സ്ഥിരമായി പഞ്ചായത്ത് ടാക്സി സ്റ്റാന്റിൽ നിർത്തിയിടുന്ന ജീപ്പുകളിൽ നിന്നും വളരെ തുച്ഛമായ വാടകയാണ് പിരിക്കുന്നത്. വാടക കാലാനുസൃതമായി പുതുക്കാത്തത് പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്നു. ടാക്സി സ്റ്റാന്റ് വാടക അവസാനമായി പുതുക്കിയത് ഏത് വർഷമാണ് എന്ന് വ്യക്തമാക്കേണ്ടതാണ്. കാലാനുസൃതമായി വാടക പുതുക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം 19/16-17/8.9.17) മറുപടി നൽകിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## 2-9 പഞ്ചായത്ത് വാടക കെട്ടിടങ്ങൾ– അപാകതകൾ

വാടക രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല, ലേലം നടത്തിയ മുഴുവൻ മുറികളുടേയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാടക കെട്ടിടങ്ങളുടെ ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

1) പഞ്ചായത്ത് വാടക കെട്ടിട രജിസ്റ്റർ പ്രകാരം വാടക കുടിശ്ശികയുള്ളവ

| വാടകക്കാരൻ | മാസ വാടക | കെട്ടിട നമ്പർ | കുടിശ്ശിക വരുത്തിയ മാസം | കുടിശ്ശിക തുക |
|---|---|---|---|---|
| സെക്രട്ടറി, ഏറാമല സർവീസ് സഹകരണ ബാങ്ക് | 750 | 8/435A | സെപ്റ്റംബർ 2016 മുതൽ മാർച്ച് 2017 വരെ | 5250 |
| സുമതി, പുനത്തിൽ | 5000 | 14/701D | മാർച്ച് 2017 | 5000 |
| ആകെ കുടിശ്ശിക | | | | 10250/- |

പഞ്ചായത്ത് മത്സ്യമാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ 09/12/17 ലെ ലേലത്തിൽ പോയ 14/701H, 14/701I, 14/701J, 14/701L, 14/701M, 14/701N, 14/701Q, 14/701R, എന്നീമുറികളും 30/12/17 ലെ ലേലത്തിൽ പോയ 14/701AB, 14/701S,14/701Tഎന്നീമുറികളും വാടക ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താതെയാണ് വാർഷിക കണക്ക് തയ്യാറാക്കിയിരിക്കുന്നത്. വാർഷിക കണക്കിൽ ഉൾപ്പെടുത്താത്ത മുറികളുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു

| ലേല തീയ്യതി | കെട്ടിട | ലേലം കൊണ്ടയാൾ | മാസ | കുടിശ്ശിക | 2016-17 |
|---|---|---|---|---|---|

| | നമ്പർ | | വാടക ലേലം കൊണ്ട തുക | വന്ന മാസം | ലെ കുടിശ്ശിക |
|---|---|---|---|---|---|
| 09/12/16 | 14/701H | വികാസ്.വി.എസ്, വികാസ്ഭവൻ, വൈക്കിലശ്ശേരി | 6500 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 19500 |
| 09/12/16 | 14/701I | “ | 5000 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 15000 |
| 09/12/16 | 14/701J | “ | 5000 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 15000 |
| 09/12/16 | 14/701L | “ | 5000 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 15000 |
| 09/12/16 | 14/701M | “ | 5000 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 15000 |
| 09/12/16 | 14/701N | “ | 5000 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 15000 |
| 09/12/16 | 14/701Q | പ്രജീഷ്.എം, മണ്ടോടി, ഒഞ്ചിയം | 8000 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 24000 |
| 09/12/16 | 14/701R | ഷംസുദ്ദീൻ, മാവുള്ളതാഴെകുനി, ഓർക്കാട്ടേരി | 6500 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 19500 |
| 30/12/16 | 14/701AB | ഹാരിസ്, വരപ്രത്ത്,ഒഞ്ചിയം | 2850 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 8550 |
| 30/12/16 | 14/701S | വികാസ്.വി.എസ്, വികാസ്ഭവൻ, വൈക്കിലശ്ശേരി | 2850 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 8550 |
| 30/12/16 | 14/701T | വികാസ്.വി.എസ്, വികാസ്ഭവൻ, വൈക്കിലശ്ശേരി | 2850 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 8550 |
| പഴയ ഷോപ്പിംഗ് കോംപ്ളക്സിൽ ഉള്ളവർക്ക് അനുവദിച്ച മുറി | 14/701P | അശോകന് വേണ്ടി ഭാര്യ ചന്ദ്രിക, തട്ടാറത്ത് | 5000 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 15000 |
| പഴയ ഷോപ്പിംഗ് കോംപ്ളക്സിൽ ഉള്ളവർക്ക് അനുവദിച്ച മുറി | 14/701O | കുമാരൻ,പടത്തല | 4500 | 2017 ജനവരി, ഫെബ്രുവരി, മാർച്ച്. | 13500 |

| ആകെ | | | | | 192150 |
|---|---|---|---|---|---|

മേൽ കുടിശ്ശിക പിഴ സഹിതം ഈടാക്കി ഡിമാന്റ് രജിസ്റ്ററിൽ ചേർത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) 2015-16 ഡിസംബറിൽ പണി പൂർത്തീകരിച്ച് നമ്പർ അനുവദിച്ച പഞ്ചായത്ത് മത്സ്യമാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ളക്സ് 03/10/15ന് ഉത്ഘാടനം നടത്തിയെങ്കിലും 2016 ഡിസംബർ വരെ ഇവ ലേലം നടത്തിയിട്ടില്ല. 09/12/2016 ൽ ലേലം നടത്തി 2017 ജനവരി മുതലാണ് വാടക പഞ്ചായത്തിന് ലഭിച്ചുവരുന്നത്. ഇതിനാൽ ഒരു വർഷം പഞ്ചായത്തിന് വാടകയിനത്തിലും, ഡപ്പോസിറ്റ് ഇനത്തിലും കിട്ടേണ്ടിയിരുന്ന തുക നഷ്ടം വരുത്തി.

3) 09/12/2016ന് നടന്ന ലേലത്തിൽ പോവാതിരുന്ന രണ്ടാം നിലയിലെ 9 മുറികളുടേയും പുനർ ലേലം 30/12/2016ന് ശേഷം നടത്തിയെങ്കിലും 14/701AB, 14/701S, 14/701I എന്നീ മുറികൾ മാത്രമാണ് ലേലം കൊണ്ടതായി കാണുന്നത്. ലേലത്തിൽ പോവാത്ത 6 മുറികളുടെ പുനർ ലേല നടപടികൾ 2017 സെപ്റ്റമ്പർ വരെയും തുടങ്ങിയിട്ടില്ല.വിശദീകരണം നൻകേണ്ടതാണ്.

4) പഞ്ചായത്ത് മത്സ്യമാർക്കറ്റിലെ 17 ടേബിളുകൾക്ക് ഒന്നിന് 900/- രൂപ നിരക്കിൽ 17 പേർ ജനവരി 2017 മുതൽ വാടക അടച്ചുവരുന്നതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നു, എന്ത് അടിസ്ഥാനത്തിലാണ് ലേല നടപടികളില്ലാതെ വാടകയ്ക്ക് നൽകിയിരിക്കുന്നത് എന്ന് വിശദീകരിക്കേണ്ടതാണ്. ഇത് ഗ്രാമപഞ്ചായത്ത് മത്സ്യമാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ളക്സ് അംഗീകൃത ബൈലോക്ക് വിരുദ്ധമാണ്. വിശദീകരണം നൽകുക.

5) ഗ്രാമപഞ്ചായത്ത് മത്സ്യമാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ളക്സ് അംഗീകൃത ബൈലോ പ്രകാരം ആകെ മുറികളിൽ 10% പട്ടിക ജാതി പട്ടിക വർഗക്കാർക്കും, 3% വികലാംഗർക്കും (50% ത്തിൽ കൂടുതൽ അംഗവൈകല്യമുള്ളവർ), 3% വിധവകൾക്കും നീക്കിവെക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ നിലകളിൽ ഏതൊക്കെ മുറികളാണ് മേൽ സംവരണ വിഭാഗങ്ങൾക്ക് നീക്കിവച്ചിരിക്കുന്നത് എന്ന് ലേല അറിയിപ്പിൽ വ്യക്തമാക്കാതെയാണ് ലേലം നടത്തിയിരിക്കുന്നത്. നിലവിൽ ലേലം കൊണ്ട മുറികളിൽ ഏതെങ്കിലും ഈ സംവരണ വിഭാഗത്തിന് വേണ്ടി ലേലം കൊണ്ടതായി കാണുന്നില്ല. വിശദീകരണം നൻകേണ്ടതാണ്.

6) പഴയ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സിലെ ഇ.പി. 9/592നമ്പർ മുറി വാടകയ്ക്ക് എടുത്തിരുന്ന ശ്രീ. എൻ.കെ.നാരായണൻ, നെല്ലോളിതാഴേകുനി എന്നവർക്ക് പുതിയ ഷോപ്പിംഗ് കോംപ്ളക്സിലെ 14/701 E നമ്പർമുറി 26/09/2015 ലെ 98/2015, 03/10/2015 ലെ 105/2015 എന്നീ നമ്പർ ഭരണസമിതി തീരുമാന പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതി തീരുമാന പ്രകാരമുള്ള രണ്ട് ലക്ഷം രൂപയിൽ ഒരു ലക്ഷം രൂപ ഡെപ്പോസിറ്റ് മാത്രമാണ് ഒടുക്കിയത്. പഞ്ചായത്തുമായി എഗ്രിമെന്റ് വെക്കാതെയും ഡെപ്പോസിറ്റ് തുക മുഴുവനായി ഒടുക്കാതെയും പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സിൽ മുറി അനുവദിച്ചതിന് വശദീകരണം നൽകേണ്ടതാണ്.

7) വാടക അതാത് മാസം അഞ്ചാം തീയതിക്ക് മുൻപെ പഞ്ചായത്തിൽ ഒടുക്കണമെന്നിരിക്കെ അഞ്ചാം തീയതിക്ക് ശേഷം ഒടുക്കിയവരിൽ നിന്നും പിഴ ഈടാക്കുന്നില്ല. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം 21/16-17/8.9.17) മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-10 തൊഴിൽ നികുതി - അപാകതകൾ

1. ചുവടെ പട്ടികയിൽ കൊടുത്ത സ്ഥാപനങ്ങൾ 2016-17 ൽ ട്രേഡേഴ്സ് സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ലൈസൻസ് നമ്പർ | ലൈസൻസ് ഹോൾഡർ | കെട്ടിട നമ്പർ | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | ഡോ. ഗിരീഷ് കുമാർ,വാപ്രത്ത്, കാർത്തികപ്പള്ളി. പി. ഒ | 14/513,514 | ഡെന്റൽ ക്ളിനിക് | 50 |
| 3 | സെക്രട്ടറി, വടകര ബ്ലോക്ക് എംപ്ലോയീസ് കോ.ഓ. സൊസൈറ്റി | 8/651,652,668 | പലചരക്ക് വിൽപ്പന. | 1000 |
| 4 | സെക്രട്ടറി, വടകര ബ്ലോക്ക് | 8/594 | ഗൃഹോപകരണ | 1000 |

| | | | | |
|---|---|---|---|---|
| | എംപ്ലോയീസ് കോ.ഓ. സൊസൈറ്റി | A,B,C,D,E | ന്ൽപന | |
| 5 | രാധാകൃഷ്ണൻ, ഒതയോത്ത് | 18/426 | ഫ്ളോർ മില്ല് | 100 |
| 6 | രവീന്ദ്രൻ മനത്താനത്ത്, സുരേന്ദ്രൻ, സുമൻ, കുന്നമ്മക്കര. പി.ഒ | 16/275 | ഫ്ളോർ മില്ല് | 200 |
| 7 | രവീന്ദ്രൻ മനത്താനത്ത്, മൂന്നാം കണ്ടത്തിൽ, കുന്നമ്മക്കര. പി.ഒ | 16/277 | ഫർണിച്ചർ നിർമാണം | 100 |
| 10 | സെക്രട്ടറി, ഏറാമല സർവീസ് സഹകരണ ബാങ്ക്, ഓർക്കാട്ടേരി. പി.ഒ | 8/435A | ഇംഗ്ളീഷ് മരുന്ന് വിൽപ്പന | 1000 |
| 11 | സെക്രട്ടറി, ഏറാമല സർവീസ് സഹകരണ ബാങ്ക്, ഓർക്കാട്ടേരി. പി.ഒ | 15/42, 430, | ഇംഗ്ളീഷ് മരുന്ന് വിൽപ്പന | 1000 |
| 12 | സി.കെ.കുമാരൻ, ചെമ്പ്രകുനിയിൽ, ഓർക്കാട്ടേരി. പി.ഒ | 8/489 | ഫ്ളോർ മില്ല് | 100 |
| 16 | മോഹനൻ, കുന്നമ്പത്ത്, മയ്യന്നൂർ | 10/382,367 | വർണ്ണ ഇൻറസ്ട്രീസ്, | 100 |
| 19 | സി.പി.രാഘവൻ, കസ്തൂരികുനിയിൽ | 8/466 | പലചരക്ക് വിൽപ്പന. | 100 |
| 46 | സമീറ, ഫൌസിയ മൻസിൽ, വെള്ളികുളങ്ങര | 8/559 | ഇംഗ്ളീഷ് മരുന്ന് വിൽപ്പന | 200 |
| 48 | രാഗിണി, കല്ലും കണ്ടിയിൽ, രാരോത്ത് മീത്തൽ | 13/190 | ഫ്ളോർ മില്ല് | 100 |
| 72 | സെക്രട്ടറി, സർവീസ് സഹകരണ ബാങ്ക്, കുന്നമ്മക്കര | 16/250 | രാസവളം വിൽപ്പന | 500 |
| 170 | അനിൽ, അങ്ങാടിപ്പുററത്ത്,പുതുപ്പണം | 14/456 | ബാറ്ററി കച്ചവടം | 300 |
| 172 | സാബിർ, കുന്നോത്ത് | 14/448,449 | വസ്ത്ര വിൽപ്പന | 100 |
| 303 | സെക്രട്ടറി, കുറിഞ്ഞിലിയോട്ട് ക്ഷീരോൽപാദക സഹകരണ സംഘം | 11/542 | പാൽ സംഭരണം വിൽപ്പന | 500 |
| 396 | സെക്രട്ടറി, ആദിയൂർ ക്ഷീര സഹകരണ സംഘം | 5/246 | പാൽ സംഭരണം, വിൽപ്പന | 100 |

തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

2) <u>എംപ്ളോയീസ് തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ</u>

ചുവടെ പട്ടികയിൽ കൊടുത്ത സ്ഥാപനങ്ങളിൽ 2016-17 ൽ പട്ടികയിൽ പറയും പ്രകാരം എണ്ണം തൊഴിലാളികൾ ഉള്ളതായി സത്യവാങ്മൂലം നൽകിയിട്ടുണ്ട്, എന്നാൽ എംപ്ളോയീസ് തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ലൈസൻസ് നമ്പർ | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 13 | ദേവി ഓട്ടോ ഫ്യുവൽസ് | 6 |
| 41 | ഡെമാർട്ട് ഹൈപ്പർ മാർക്കറ്റ് | 14 |
| 77 | സെക്രട്ടറി, സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സഹകരണ ഹോസ്പിറ്റൽ, ഓർക്കാട്ടേരി | 18 |

തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

<u>3) സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്തവ</u>

1) ചുവടെ പട്ടികയിൽ കൊടുത്ത സ്ഥാപനങ്ങൾ 2016-17 ഒന്നാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ |
|---|---|
| 1 | കെ.ഡി.സി ബാങ്ക് ഓർക്കാട്ടേരി |
| 2 | വടകര ബ്ളോക്ക് വനിത സഹകരണ സംഘം |
| 3 | ഏറാമല വീവേഴസ് സൊസൈറ്റി |
| 4 | ചോമ്പാല വീവേഴസ് സൊസൈറ്റി |
| 5 | ആദിയൂർ ക്ഷീര സഹകരണ സംഘം |
| 6 | ഫാത്തിമ ഡെന്റൽ ക്ളിനിക് |
| 7 | സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സഹകരണ ഹോസ്പിറ്റൽ, ഓർക്കാട്ടേരി 396396 |

തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

4) ചുവടെ പട്ടികയിൽ കൊടുത്ത സ്ഥാപനങ്ങൾ 2016-17 രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ |
|---|---|
| 1 | എസ്. ബി. ഐ ഓർക്കാട്ടേരി |
| 2 | കുന്നമ്മക്കര വനിത സഹകരണ സംഘം |
| 3 | ഇന്റൽ മണി പ്രൈവറ്റ് ലിമിറ്റഡ് |

മേൽ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (ഓഡിറ്റ്എൻക്വയറി നം 17/16-17/8.9.17) മറുപടി നൽകിയിട്ടില്ല. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മഴക്കാലപൂർവ്വശുചീകരണം- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.ചെലവ് തുക 1,20,000 രൂപ തടസ്സത്തിൽ വെക്കുന്നു

ഏറാമല ഗ്രാമപഞ്ചായത്തിൽ 2016-17സാമ്പത്തിക വർഷം മഴക്കാല പൂർവ്വശുചീകരണത്തിനായി തനത്ഫണ്ടിൽ നിന്ന് 1,20,000 രൂപ ചെലവഴിച്ചിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത ചെലവിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക | വൗച്ചർ നം/തീയ്യതി | പ്രവൃത്തിയുടെ ഇനം |
|---|---|---|---|---|
| 1 | മഴക്കാല പൂർവ്വ ശുചീകരണം | 50,000രൂപ | 21600219<br>25.6.16 | ഓർക്കാട്ടരി ടൗണിലെ ഓട വൃത്തിയാക്കൽ |
| 2 | " | 50,000രൂപ | 21600253<br>5.7.16 | " |
| 3. | " | 20,000രൂപ | 21600273<br>12.7.16 | " |

മേൽ പ്രവൃത്തി നടത്തിയതിന്റെ മസ്റ്റർ റോൾ സാനിറ്ററി ഇൻസ്പെക്ടർ/ഹെൽത്ത്ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്താതെയാണ് അംഗീകരിച്ചത്. സ.ഉ. (സാധാ)1724/2016/തസ്വഭവ. തി.23.05.2016 പ്രകാരം വാർഡ് ഒന്നിന് 10,000/- രൂപ ചെലവഴിക്കാനേ പാടുള്ളൂ. കൂടാതെ സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 9/16-17 തീയ്യതി 29.8.2017 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1,20,000രൂപ തടസ്സത്തിൽ വെക്കുന്നു

## 3-2. വെള്ളക്കരംഒടുക്ക്- പൊതുടാപ്പുകളുടെഎണ്ണം,സംയുക്തപരിശോധനാ റിപ്പോർട്ട് എന്നിവ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം വെള്ളക്കരം ഒടുക്കിയയിനത്തിൽ തനത്ഫണ്ടിൽ നിന്ന് 1,05,225 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ചെലവിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | വൗച്ചർ നം/തീയ്യതി | ബിൽനം |
|---|---|---|---|---|
| 1 | വാട്ടർ ചാർജ്ജ്4/2016 | 8750രൂപ | 2160088<br>2.5.16 | 85172<br>30.4.16 |
| 2 | "5/16 | 8750രൂപ | 21600118<br>24.5.16 | 85195<br>14/6/16 |

| | | | | |
|---|---|---|---|---|
| 3. | "6/16 | 8750രൂപ | 21600199<br>24.6.16 | 85232<br>27/6/16 |
| 4 | 7/16 | 8750രൂപ | 21600301<br>23.7.16 | 85214<br>25/7/16 |
| 5 | 8/16 | 8750രൂപ | 21600383<br>20.8.16 | 8276<br>20/8/16 |
| 6 | 9/16 | 8750രൂപ | 21600470<br>23.9.16 | 89409<br>26/9/16 |
| 7 | 10/16 | 8750രൂപ | 21600525<br>21.10.16 | 89436<br>22/10/16 |
| 8 | 11/16 | 8750രൂപ | 21600552<br>13.12.16 | 89487<br>23/12/16 |
| 9 | 12/16 | 8750രൂപ | 21600683<br>26.12.16 | 89495<br>26.12.16 |
| 10 | 01/17 | 8975രൂപ | 21600814<br>27.1.17 | 89487<br>27/1/17 |
| 11 | 02/17 | 8750രൂപ | 21600900<br>27.2.17 | 89487<br>28/2/17 |
| 12 | 03/17 | 8750രൂപ | 21600979<br>16/3/17 | 88379<br>17/3/17 |
| ആകെ | | 105225/രൂപ | | |

2016-17 വർഷം പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ 1,05,225 രൂപ വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ടെങ്കിലും സംയുക്ത പരിശോധനാറിപ്പോർട്ട് ഏറാമല ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം, നിലവിൽ എത്ര പൊതുടാപ്പുകൾ ഉപയോഗയോഗ്യമാണ് എന്നീ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 7/16-17തീയ്യതി 29.08.2017നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

## 3-3 ക്ഷേമ പെൻഷൻ-അപേക്ഷകളിന്മേൽ തുടർനടപടിയും ആനുകൂല്യ വിതരണവും സമയബന്ധിതമായി തീർപ്പാക്കുന്നില്ല .

2016-17സാമ്പത്തികവർഷം ലഭിച്ച ക്ഷേമ പെൻഷനുകളുടെ അപേക്ഷ,അപേക്ഷയിന്മേൽ സ്വീകരിച്ച തുടർ നടപടികൾഎന്നിവ ഓഡിറ്റിൽ പരിശോധിച്ചപ്പോൾ ധാരാളം ഉണഭോക്താക്കൾക്ക് അപേക്ഷ നല്കി മാസങ്ങൾ കഴിഞ്ഞിട്ടും ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ | പെൻഷൻ ഇനം | 2016-17ൽ | ഇതുവരെ | നിരസിച്ചത് | അപേക്ഷകളിൽ |
|---|---|---|---|---|---|

| നം | | ലഭിച്ച അപേക്ഷകളുടെ എണ്ണം | പെൻഷൻ അനുവദിച്ചത് | | തുടർനടപടി സ്വീകരിച്ച് തീർപ്പാക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 32 | 13 | 12 | 7 |
| 2 | വാർദ്ധക്യ കാല പെൻഷൻ | 914 | 250 | 302 | 362 |
| 3 | വിധവാ പെൻഷൻ | 101 | 54 | 11 | 36 |
| 4 | വികലാംഗ പെൻഷൻ | 35 | 15 | 5 | 15 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | 3 | 2 | 2 |

വിവിധ ക്ഷേമപെൻഷൻ ഇനങ്ങളിൽ 2016-17 സാമ്പത്തിക വർഷം ലഭിച്ച ആകെ1089 അപേക്ഷകളിൽ ഇനിയും തീർപ്പാക്കാതെ 422 അപേക്ഷകൾ നിലനിൽക്കുന്നു. അപേക്ഷ ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും അപേക്ഷകളിൽ തീർപ്പ് കല്പിക്കാത്തത് ആനുകൂല്യം നിഷേധിക്കുന്നതിന് തുല്യമാണ്. കൂടാതെ അപേക്ഷകളിൽ തീർപ്പ് കല്പിക്കാതെ സൂക്ഷിക്കുന്നത് സർക്കാർ ഉത്തരവുകളുടെ ലംഘനവുമാകുന്നു. മേൽ അപാകതകൾ ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു

## 3-4 നിർവ്വഹണത്തിൽ വീഴ്ച -പദ്ധതിച്ചെലവ് കുറഞ്ഞു-1.85കോടി രൂപ നഷ്ടപ്പെടുത്തി

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 195 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയുടെ 22.08% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 9.37കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയത് | ബജറ്റ് വിഹിതം ലഭിച്ചത് | ചെലവ് | ബജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗിക്കാതെ ലാപ്സായ തുക | ചെലവ് ശതമാനം(ബജറ്റ് വിഹിതം അടിസ്ഥാനപ്പെടുത്തി) |
|---|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 13360895 | 12023552 | 8560598 | 3462954 | 71.2 |
| 2 | പ്ലാൻ ഫണ്ട് SCP | 1567109 | 1444809 | 749292 | 695517 | 51.86 |
| 3 | പ്ലാൻ ഫണ്ട് TSP | --- | --- | --- | --- | --- |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8462625 | 6743455 | 3697211 | 3046244 | 54.83 |
| 5 | ലോകബാങ്ക് ധനസഹായം | 3966455 | 3966455 | 766670 | 3199785 | 19.33 |
| 6 | കേന്ദ്ര ധനസഹായം | 1500000 | 935930 | 175631 | --- | 18.76 |

| | | | | | | |
|---|---|---|---|---|---|---|
| 7 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 3774575 | 0 | 0 | --- | 0 |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 4194053 | 3338799 | 1022000.00% | 2316799.00% | 30.61 |
| 9 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 16529177 | 10406217 | 4582568 | 5823649 | 44.04 |
| 10 | തനത് ഫണ്ട് | 19380584 | 19380584 | 4956168 | -- | 25.57 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 1902500 | 0 | 0 | -- | 0 |
| 12 | ബ്ലോക്ക് വിഹിതം | 5086150 | 2323650 | 980000 | -- | 42.17 |
| 13 | മറ്റുള്ളവ | 40552333 | 40552333 | 1068596 | --- | 2.6 |
| ആകെ | | 120276456 | 101115784 | 26558734 | 18544948 | 22.08 |

ക്രമനം 1 മുതൽ 5വരെയുള്ളവയുടെയും ക്രമനം 8 ,9 എന്നിവയുടെയും കാര്യത്തിൽ 2015-16 വർഷത്തെ നീക്കിയിരിപ്പ് തുകയിൽ നിന്നും, 2016-17 വർഷത്തിൽ സ്പിൽ ഓവറാക്കിയ പ്രൊജക്ടുകൾക്ക് തുക അനുവദിക്കുമെന്ന സർക്കാർ അറിയിപ്പിനെ തുടർന്നാണ് ബജറ്റ് വിഹിതത്തേക്കാൾ കൂടിയ തുക, മേൽ ഫണ്ടുകളുടെ കാര്യത്തിൽ വാർഷികപദ്ധതിയിൽ വകയിരുത്തിയത്. 10157027/- രൂപ ഇപ്രകാരം അധികം വകയിരുത്തിയിട്ടുണ്ട്. കൂടാതെ, കേന്ദ്ര, സംസ്ഥാനാവിഷ്കൃത വിഹിതമായും, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതമായും വകയിരുത്തിയ തുകകളിൽ നിന്നും , 9003645/- രൂപ കുറഞ്ഞാണ് തൻവർഷം ലഭിച്ചത്.ലഭ്യമാകാത്ത മേൽ തുകകൾ ഒഴിവാക്കിയാൽ ,വാർഷിക പ്രൊജക്ടുകൾക്ക് വകയിരുത്തിയ10.11 കോടിയിൽ2.65 കോടി മാത്രമാണ് വിനിയോഗിച്ചതെന്നും (26.21% മാത്രം ) 7.46കോടി രൂപ വിനിയോഗിക്കാൻ കഴിയാതെ വന്നു എന്നും കാണാം.

വിനിയോഗിക്കാൻ കഴിയാതെ വന്ന 7.46കോടി രൂപയിൽ 1.85കോടി രൂപ , ക്രമനം 1 മുതൽ 5വരെ, 8 ,9 എന്നീ ഇനങ്ങളിൽ , സ്ഥാപനത്തിന് ലഭ്യമായതാണ്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ചെലവിനനുസരിച്ച് പിൻവലിക്കേണ്ട മേൽ തുക സാമ്പത്തികവർഷാവസാനം ലാപ്സായിരിക്കുകയാണ്.

അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ചെലവഴിക്കാത്ത തുക (ലക്ഷത്തിൽ) | ചെലവ് % | കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നഷ്ടപ്പെട്ടത്തിയ തുക (വകയിരു |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | ത്തിയത് അടിസ്ഥാന പ്പെടുത്തി) |
| 1 | അസി.എഞ്ചിനീയർ | 116 | 32 | 641.26 | 71.71 | 569.55 | 11.18 | 231.44 |
| 2 | വി.ഇ.ഒ | 17 | 9 | 287.10 | 31.59 | 255.51 | 11 | 3.77 |
| 3 | സെക്രട്ടറി | 29 | 15 | 107.74 | 45.19 | 62.55 | 42 | 37.22 |
| 4 | കൃഷിഓഫീസർ | 5 | 4 | 26.52 | 16.86 | 9.66 | 63.57 | 6.48 |
| 5 | വെറ്റിനററി സർജൻ | 4 | 3 | 17.72 | 15.72 | 2 | 88.71 | 0 |
| 6 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 1 | 1 | 5 | 4.68 | 0.32 | 93.57 | 0.32 |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 4 | 4 | 0 | 100 | 0 |
| 8 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 6 | 6 | 0 | 100 | 0 |
| 9 | ഐ സി ഡി എസ് സൂപ്പർവൈസർ | 6 | 5 | 62.44 | 47.65 | 14.79 | 76.31 | 0.06 |
| 10 | അസി.സെക്രട്ടറി | 13 | 10 | 37.97 | 21.12 | 16.85 | 55.62 | 8.43 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 7 | 1 | 6 | 14.28 | 0 |
| ആകെ | | 195 | 83 | 1202.76 | 265.59 | 937.17 | 22.08 | 287.04 |

കുറിപ്പ്: വാർഷിക പദ്ധതിയ്ക്കായി വകയിരുത്തിയ തുക അടിസ്ഥാനപ്പെടുത്തിയാണ് നഷ്ടം 2.87 കോടിയെന്ന്

കണക്കാക്കിയത്. ഇത്രയും തുക അലോട്ട് ചെയ്തിട്ടില്ലാത്തതിനാൽ യഥാർത്ഥ നഷ്ടം മേല്പറഞ്ഞതുപോലെ 1.85 കോടി രൂപയാണ്.

116പ്രൊജക്ടുകൾ വിഭാവനം ചെയ്ത അസി.എഞ്ചിനീയറാണ് ഫണ്ട് നഷ്ടപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിരിക്കുന്നത്. ആകെ വകയിരുത്തിയ തുകയുടെ 53.31% പൊതുമരാമത്ത്, കുടിവെള്ളം (മറ്റ് മേഖലകളിലെ നിർമ്മാണ പ്രവൃത്തികൾക്കൊപ്പം) എന്നീ മേഖലകളിൽ ചെലവഴിക്കുന്നതിന് അസി.എഞ്ചിനീയറെയാണ് ചുമതലയേല്പിച്ചിരിക്കുന്നത് . ഇതിൽ 32പ്രൊജക്ടുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കാൻ കഴിഞ്ഞത്.തൻവർഷം കൺസോളിഡേറ്റഡ് ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിച്ചതും ലാപ്സായതുമായ തുകയിൽ 1.49കോടി രൂപയും(വകയിരുത്തിയ തുകയുടെ ആനുപാതിക തുക) നടപ്പിലാക്കാൻ കഴിയാതെവന്ന പ്രൊജക്ടുകൾ ഉൾപ്പടെയുള്ളവയ്ക്ക് അസി.എഞ്ചിനീയർ വകയിരുത്തിയ തുകയാണെന്നു കാണാം.

അസി.എഞ്ചിനീയറെ കൂടാതെ സെക്രട്ടറിയും ഫണ്ട് നഷ്ടപ്പെട്ടതിൽ ഉത്തരവാദിയാണ്.

മുൻവർഷത്തിലും തുക നഷ്ടപ്പെടുത്തി- നഷ്ടം 1.49 കോടി രൂപ

ഓഡിറ്റ് വർഷത്തിലെന്നപോലെ 2015-16 വർഷത്തിലും സ്ഥാപനം മേല്പറഞ്ഞതുപോലെ ഫണ്ട് നഷ്ടപ്പെടുത്തിയിട്ടുണ്ട്.മുൻബാക്കി ഉൾപ്പടെ തൻവർഷം ലഭ്യമായ തുകയിൽ വിനിയോഗിക്കാതെ ബാക്കിയായ 1.49 കോടി രൂപ ,സഞ്ചിതനിധിയിലായതിനാൽ ,സാമ്പത്തികവർഷാവസാനം ലാപ്സാകുകയായിരുന്നു.207 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയുടെ 44.17% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്.15-16 വർഷത്തിൽ ലഭ്യമായ തുക,ഇതിൽ നിന്നുള്ള ചെലവ്,നഷ്ടപ്പെട്ട തുക എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട് മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 10993404 | 913253 | 10993404 | 11906657 | 8961627 | 77.6 | 2592226 |
| വികസനഫണ്ട് (എസ് സി പി) | 1290000 | 2296044 | 1290000 | 3586044 | 1462454 | 40.8 | 2123590 |
| വികസനഫണ്ട് (ടി എസ് പി) | --- | --- | --- | --- | --- | --- | -- |
| സംരക്ഷണഗ്രാന്റ് (റോഡ്) | 9450000 | 6338863 | 9450000 | 15788863 | 8946138 | 57 | 6842725 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 3032000 | 1398077 | 3032000 | 4430077 | 3432287 | 77 | 997790 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4493879 | 3168034 | 4493879 | 7661913 | 5742138 | 74.9 | 1919775 |
| ലോക ബാങ്ക് ധനസഹായം | 0 | 3120000 | 0 | 3120000 | 2684705 | 86.05 | 435295 |
| ആകെ നഷ്ടം | | | | | | | 14911401 |

വികസനഫണ്ട്(പൊതുവിഭാഗം),13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, എന്നീ ഇനങ്ങളിൽ മാത്രമാണ് മോശമല്ലാത്ത

പ്രകടനം കാഴ്ചവച്ചത്. മറ്റ് ഫണ്ടിനങ്ങളിൽ ചെലവ് വളരെ കുറഞ്ഞത് നഷ്ടം കൂടാനിടയായി. ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർ വരുത്തിയ വീഴ്ചയാണ് ഈ വർഷവും തുക നഷ്ടപ്പെടാനിടയാക്കിയത് . പദ്ധതി നിർവ്വഹണത്തിൽ വിവിധ ഓഫീസുകളുടെ പ്രകടനം താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ചെലവഴിക്കാത്ത തുക (ലക്ഷത്തിൽ) | ചെലവ് % | കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നഷ്ടപ്പെടുത്തിയ തുക (വകയിരുത്തിയത് അടിസ്ഥാനപ്പെടുത്തി) |
|---|---|---|---|---|---|---|---|---|
| 1 | അസി.എഞ്ചിനീയർ | 119 | 64 | 621.94 | 245.43 | 376.51 | 39.46 | 106.02 |
| 2 | വി.ഇ.ഒ | 18 | 8 | 105.79 | 31.31 | 74.48 | 29.59 | 5.5 |
| 3 | സെക്രട്ടറി | 34 | 24 | 82.08 | 63.7 | 18.38 | 77.6 | 3.72 |
| 4 | കൃഷിഓഫീസർ | 7 | 7 | 20.51 | 8.15 | 12.36 | 39.73 | 9.22 |
| 5 | വെറ്റിനററി സർജൻ | 3 | 2 | 8.5 | 4.7 | 3.8 | 55.29 | 0.9 |
| 6 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 1 | 1 | 4 | 2.98 | 1.02 | 0.74 | 1.02 |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 5 | 5 | 0 | 100 | 0 |
| 8 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 3 | 3 | 0 | 100 | 0 |
| 9 | ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 8 | 56.12 | 42.59 | 13.53 | 75.89 | 0.48 |
| 10 | അസി.സെക്രട്ടറി | 14 | 12 | 55.8 | 18.62 | 37.18 | 33.36 | 22.24 |
| ആകെ | | 207 | 128 | 962.75 | 425.49 | 537.26 | 44.19 | 149.12 |

പശ്ചാത്തലമേഖലയിലെ പ്രൊജക്ടുകൾ നിർവ്വഹിച്ച അസി.എഞ്ചിനീയറാണ് തുക നഷ്ടപ്പെടുത്തിയതിൽ മുന്നിൽ നില്ക്കുന്നത്. 1.06 കോടി രൂപ ,വിഭാവനം ചെയ്ത പദ്ധതികൾ നിർവ്വഹിക്കാത്തതിനാൽ നഷ്ടമാകാനിടയായി. അസി.സെക്രട്ടറിയും ഇക്കാര്യത്തിൽ പ്രധാന പങ്ക് വഹിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പുരോഗതിയ്ക്ക് സമയബന്ധിതമായി തുക വിനിയോഗിക്കാത്തതിനും,ഇതുവഴി ഇരുവർഷങ്ങളിലുമായി, വിവിധ ഗ്രാന്റിനങ്ങളിലായി 3.3 കോടി രൂപ പഞ്ചായത്തു ഫണ്ടിന് നഷ്ടം വരുത്തിയതിനും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-5 കരാർ വച്ച മരാമത്ത് പ്രവൃത്തികൾ ആരംഭിക്കുന്നതിലും പൂർത്തീകരിക്കുന്നതിലും കാലതാമസം

നിർവ്വഹണം: സെക്രട്ടറി

ഓഡിറ്റ് വർഷത്തിൽ അവസാന ബിൽ തുക നല്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ , ടെണ്ടർ ലഭിച്ച പ്രവൃത്തികൾക്ക് കരാർ വച്ചതിനു ശേഷം പ്രവൃത്തി ആരംഭിക്കുന്നതിലും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും കരാറുകാർ വീഴ്ച വരുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാതെയും

നിയമാനുസൃമായ പിഴ ഈടാക്കാതെയുമാണ് കരാറുകാർക്ക് ബിൽ തുക നല്കിയിരിക്കുന്നത്. പുതുക്കിയ PWD മാന്വൽ , സെക്ഷൻ 2112.1 പ്രകാരം കാലാവധി നീട്ടിക്കിട്ടുന്നതിനുള്ള അപേക്ഷ കരാറുകാരൻ കരാർ പ്രകാരമുള്ള കാലാവധിക്കു മുമ്പ് തന്നെ നല്കേണ്ടതും ഇത് ബന്ധപ്പെട്ട അധികാരികൾ അനുവദിച്ചാൽ മാത്രം പ്രവൃത്തി തുടരേണ്ടതുമാണ് .എന്നാൽ ടി പ്രവത്തികളുടെ കാര്യത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. അനുവദിക്കാവുന്നതിലും എത്രയോ കൂടുതൽ സമയം അനുവദിച്ചു എന്നു മാത്രമല്ല നിമാനുസൃത പിഴ ഈടാക്കാത്തതിനാലും സ്ഥാപനത്തിന് നഷ്ടം സംഭവിച്ചു (കരാറുകാരന്റെ വീഴ്ച മൂലം സമയം നീട്ടി നല്കുന്ന കാര്യത്തിൽ ആദ്യം തവണ ആകെ പൂർത്തീകരണ കാലയളവിന്റെ 25% സമയം PAC യുടെ 1% നിരക്കിലും രണ്ടാം തവണ 25% കൂടി 2% നിരക്കിലും പിഴ ഈടാക്കി അനുവദിക്കാവുന്നതാണ്). വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | കരാർ തുക | കരാറു കാരൻ | കരാർ വച്ച തീയതി | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി (പ്രൊജക്ടിലെ പ്രവർത്ത സമയക്രമം പ്രകാരം | പ്രവൃത്തി പൂർത്തീകരിച്ച തീയതി | കാലതാമസം | ഈടാക്കേണ്ട പിഴ | അവസാന ബിൽ തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | 64/17 ഓർക്കാട്ടേരി പോസ്റ്റോഫീസ് പന്നിത്തടം റോഡ് 3 ആം റീച്ച് മെറ്റലിംഗ്, ടാറിംഗ് | 300000 | ulccs | 19.9.15 | 15.2.16 | 31.3.16 | 25.4.16 | 25 ദിനം | 3000 | 296512/-<br>17035200130150/ 17.2.17 |
| 2 | 71/17 മാമ്പള്ളിമുക്ക് തച്ചറത്ത് താഴെ റോഡ് മെറ്റലിംഗ്, ടാറിംഗ് | 200000 | ulccs | 20.11.15 | 21.3.16 | 31.3.16 | 25.4.16 | 25 ദിനം | 2000 | 199325/-<br>14/28.1.17 |
| 3 | 94/17 ഒ പി കെ തിരുവാതിര റോഡ് സോളിംഗ് | 200000 | ulccs | 20.11.15 | 4.4.16 | 31.3.16 | 29.4.16 | 29ദിനം | 2000 | 200000/ 12.28.1.17 |
| 4 | 98/17 മാവത്ത് മുക്ക് മദ്രസ്സ മുക്ക് റോഡ് മെറ്റലിംഗ്,ടാറിംഗ് | 400000 | KVM അനന്തൻ | 9.12.15 | 19.4.16 | 31.3.16 | 31.5.16 | 2 മാസം | 12000 | 394092/-15 /28.1.17 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 5 | 99/17 ആദിയൂർ LP സ്കൂൾ റോഡ് റീ ടാറിംഗ് | 400000 | Ulccs | 20.11.15 | 16.3.16 | 31.3.16 | 6.6.16 | 2 മാസം<br>6 ദിനം | 12000 | 396699/-13<br>/28.1.17 |
| 6 | 100/17<br>താമരക്കുളം കൈപ്രത്ത് താഴ റോഡ് റീടാറിംഗ് | 300000 | കടത്തനാട് ലേബർ കോൺട്രാക്ട് സൊസൈറ്റി | 20.11.15 | 15.2.16 | 31.3.16 | 4.5.16 | 1മാസം<br>4 ദിനം | 3000 | 300000/-<br>23/17.2.17 |
| 7 | 103<br>പയ്യേരിതാഴെ കനാൽ റോഡ് സൈഡ് കെട്ട് മണ്ണ് ഫില്ലിംഗ്, ടോപ്പ് ബെൽറ്റ് നിർമ്മാണം | 100000 | കടത്തനാട് ലേബർ കോൺട്രാക്ട് സൊസൈറ്റി | 20.11.15 | 19.4.16 | 31.3.16 | 17.5.16 | 1മാസം<br>17ദിനം | 3000 | 100000/-24<br>/17.2.17 |
| 8 | 97/17<br>പുന്നക്കുളങ്ങര അയോത്ത് മുക്ക് റോഡ് മെറ്റലിംഗ് ടാറിംഗഗ് | 300000 | ulccs | 20.11.15 | 26.3.16 | 31.3.16 | 26.4.16 | 26 ദിനം | 3000 | 294643/-<br>26/6.3.17 |
| 9 | 70/17 കുന്നത്ത് താഴെ റോഡ് സോളിംഗ്, മെറ്റലിംഗ് ടാറിംഗ് | 500000 | ulccs | 19.915 | 30.1.16 | 30.11.15 | 4.4.16 | 4മാസം<br>4 ദിനം | 15000 | 499656/-<br>51/27.3.17 |
| 10 | 203/17<br>കൃഷിഭവൻ റിപ്പയർ | 60000 | രാജീവൻ.എം | 30.1.16 | 26.4.16 | 31.3.16 | 20.5.16 | 1മാസം<br>20 ദിനം | 1200 | 51708/-<br>ചെ.നം 300278/<br>31.3.17 |
| ആകെ | | | | | | | | | 56200/- | |

പിഴയിനത്തിൽ 56200/- രൂപ ഈടാക്കിയില്ലെന്ന് മേൽ കണക്കുകൾ കാണിക്കുന്നു.

എല്ലാ പ്രവൃത്തികളുടെയും കാര്യത്തിൽ സമയബന്ധിതമായി പ്രവൃത്തി ആരംഭിക്കാത്ത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി സമയക്രമ പ്രകാരം പൂർത്തീകരിക്കേണ്ടതായിരുന്നു.ഇപ്രകാരം ചെയ്യാത്തതിനാൽ വിഭാവനം ചെയ്ത വർഷം തന്നെ പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാതെ വരികയും ഇവയ്ക്കായി വകയിരുത്തിയ തുക

ചെലവഴിക്കാൻ കഴിയാത്തതിനാൽ എന്നന്നേക്കുമായി നഷ്ടമാകാൻ ഇടയാകുകയും ചെയ്തു.ഭീമമായ തുക പഞ്ചായത്തിന് നഷ്ടം വരുത്തിയ അപാകതകയ്ക്ക് വ്യക്തമായ വിശദീകരണം നല്കാനാവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല.പിഴയിനത്തിലുള്ള തുക ഉത്തരവാദിയായ സെക്രട്ടറയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല

പ്രൊജക്ട് : 103/17-പയ്യേരിതാഴെ കനാൽ റോഡ് സൈഡ് കെട്ട് മണ്ണ് ഫില്ലിംഗ്,ടോപ്പ് ബെൽറ്റ് നിർമ്മാണം

നിർവ്വഹണം : സെക്രട്ടറി

എസ്റ്റിമേറ്റ് തുക :100000/-

ആകെ പ്രവൃത്തിമൂല്യം : 100000/-

അവസാനബിൽതുക :100000/-ബിൽ നം 24/17.2.17

കരാറുകാരൻ : കടത്തനാട് ലേബർ കോൺട്രാക്ട് സൊസൈറ്റി

അളവുപുസ്തകം :11/16-17

സാങ്കേതികാനുമതി നം :167/15-16 dtd 16.9.15

വാർഡ് 12 ലെ പയ്യേരിതാഴെ കനാൽ റോഡിന്റെ പരിഷ്കരണത്തിനുള്ള മേൽ പ്രവൃത്തിയുടെ ഇനം 1 ആയി 45.68 $m^3$ മണ്ണ് ഫില്ലിംഗ് പ്രവൃത്തി നടത്തിയതിന് 411.14രൂ/ m3 നിരക്കിൽ 18780.88 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 3 ആയി ,സൈഡ് കെട്ടിന്റെ കിളയെടുക്കുന്നതിനുള്ള മണ്ണ് പ്രവൃത്തിയ്ക്ക് ,6.62$m^3$ മണ്ണ് കിളച്ചുമാറ്റിയതിന് 217.5 രൂപ/$m^3$ നിരക്കിൽ 1419.85 രൂപയും നൽകിയിട്ടുണ്ട്. അളവുപുസ്തകം പരിശോധിച്ചതിൽ കിളച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്താതെയാണ് ഫില്ലിംഗ് നടത്തി തുക നല്കിയെന്നതെന്ന കാണുന്നു.കിളച്ചെടുത്ത മണ്ണ് ഉപയോഗയോഗ്യമല്ലെന്നും അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.കിളച്ചെടുത്ത മണ്ണുണ്ടായിരിക്കെ അത് ഉപയോഗിക്കാതെ അത്രയും അളവ് മണ്ണിന് തുക നല്കിയത് അനുവദിക്കാവുന്നതല്ല.ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല. മേൽ അപാകത മൂലം 6.62$m^3$ മണ്ണിന് 411.14 രൂപ/$m^3$ നിരക്കിൽ 2722/- രൂപ കരാറുകാരന് അധികം നല്കിയിട്ടുണ്ട്. തുക അളവെടുത്ത എഞ്ചിനീയറിൽനിന്നും ഇടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-7 ഡെപ്പോസിറ്റ് വർക്ക്-കരാർ ചമച്ചില്ല- മറ്റ് അപാകതകൾ

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ട് : 197/17-മൊട്ടപ്പാറ കുടിവെള്ള പദ്ധതി അനുബന്ധ പൈപ്പ് ലൈൻ സ്ഥാപിക്കൽ

അടങ്കൽ തുക : 190000/-

ഡെപ്പോസിറ്റ് തുക : 190000/-71/24.3.17

മൊട്ടപ്പാറ കുടിവെള്ള പദ്ധതി അനുബന്ധ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി,വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കുന്നതിന് 190000/- രൂപ മേൽ ബില്ലുപ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. തുക കൈപ്പറ്റിയതിന് വാട്ടർ അതോറിറ്റിയിൽ നിന്നുള്ള രശീതിപരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ, പ്രവൃത്തി സമയബന്ധിതമായും പ്രൊജക്ടിൽ വിഭാവനം ചെയ്ത രീതിയിലും നിർവ്വഹിക്കുന്നതു ഉറപ്പുവരുത്തുന്നതിന് മേൽ സ്ഥാപനവുമായി കരാർ ചമച്ചതും പരിശോധനയ്ക്ക് നല്കിയിട്ടില്ല. ഇക്കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതും , പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തോയെന്ന് വ്യക്തമാക്കേണ്ടതുമാണ്. എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ലാത്തതിനാൽ 190000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

1)ഐ.കെ.എം ന് വിഹിതം കൈമാറൽ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 121/16-17 |
| അടങ്കൽ | 50000/- |
| ഫണ്ട് | വികസനം |
| ചെലവ് | 42722/- |
| ബിൽനം, തി. | 18/16-17 / 6.03.17 |

2)സാമൂഹ്യ സുരക്ഷാമിഷന് പ്രവർത്തന ഫണ്ട്

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 208/16-17 |
| അടങ്കൽ | 500000 |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 500000 |
| ബിൽനം, തി. | 19/16-17 / 18.03.17 |

3)ക്യാൻസർ പരിശോധനാ ക്യമ്പിന് ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറി

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 150/16-17 |
| അടങ്കൽ | 600000 |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 102040/- |
| ബിൽനം, തി. | 20/16-17 / 7.03.17 |

മേൽ സൂചിപ്പിച്ച പ്രോജക്ടുകളിലുൾപ്പെടുത്തി നൽകിയ തുകകൾക്ക് ബന്ധപ്പട്ട് വകുപ്പുകളിൽനിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽചെലവ് തുക 644762/- തടസ്സത്തിൽ വെയ്ക്കുന്നു .

## 3-9 മരാമത്ത് പദ്ധതികൾ-കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുകകൾ ഭാഗികമായി പിൻവലിച്ചു- ടി.എസ്.പി അക്കൗണ്ടിൽ നിക്ഷേപിച്ചു

നിർവ്വഹണം : സെക്രട്ടറി

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് വകയിരുത്തിയ തുകകളിൽ നിന്നും , മുൻകൂർ എന്ന രീതിയിൽ നിശ്ചിതതുകകൾ പിൻവലിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്ന ടി.എസ്.പി അക്കൗണ്ടിൽ നിക്ഷേപിച്ചതായി

രേഖകളിൽ നിന്നും വ്യക്തമാകുന്നു.മേൽ പ്രൊജക്ടുകളുടെ കാര്യത്തിൽ തുക വകയിരുത്തിയിരിക്കുന്നത് പ്ലാൻ ഫണ്ട്, ലോകബാങ്ക് ധനസഹായം, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഗ്രാന്റ് ഇനങ്ങളിൽ നിന്നാകയാൽ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുമാണ് പിൻവലിച്ചിരിക്കുന്നത് ഗുണഭോക്തൃ സമിതികൾ,സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് ഏജൻസികൾ എന്നിവർക്ക് മുൻകൂർ നല്കുന്നതിന് തുക പിൻവലിക്കാമെങ്കിലും മറ്റെല്ലാ സംഗതികളിലും ചെലവ് വന്നതിനുശേഷം മാത്രമേ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കാവൂ. എന്നാൽ ഇപ്രകാരമല്ലാതെ ,തുക പിൻവലിച്ച് ടി.എസ്.പി അക്കൗണ്ടിൽ നിക്ഷേപിച്ചത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ | പ്രൊജക്ട് അടങ്കൽ | ഫണ്ടിനം | പിൻവലിച്ച തുക | ബിൽ നം |
|---|---|---|---|---|---|
| 1 | 102/17-സ്പിൽ ഓവർ | 600000 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 120000 | 53/30.3.17 |
| 2 | 137/17 | 400000 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 50000 | 54/30.3.17 |
| 3 | 144/17 | 490000 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 98000 | 55/30.3.17 |
| 4 | 147/17 | 550000 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 110000 | 56/30.3.17 |
| 5 | 153/17 | 760000 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 152000 | 57/30.3.17 |
| 6 | 159/17 | 560000 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 112000 | 58/30.3.17 |
| 7 | 160/17 | 825000 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 165000 | 59/30.3.17 |
| 8 | 161/17 | 800000 | ലോകബാങ്ക് ധനസഹായം | 160000 | 60/30.3.17 |
| 9 | 163/17 | 820000 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 164000 | 61/30.3.17 |
| 10 | 164/17 | 450000 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 90000 | 62/30.3.17 |
| 11 | 166/17 | 670000 | ലോകബാങ്ക് ധനസഹായം | 134000 | 63/30.3.17 |
| 12 | 169/17 | 495000 | പ്ലാൻ ഫണ്ട് | 99000 | 64/30.3.17 |
| 13 | 170/17 | 850000 | ലോകബാങ്ക് ധനസഹായം | 170000 | 65/30.3.17 |
| 14 | 189/17 | 1060000 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 212000 | 66/30.3.17 |
| ആകെ | | | | 1836000/- | |

കെ.എഫ്.സി ആർട്ടിക്കിൾ 40 (സി) പ്രകാരം അലോട്ട് മെന്റ് നഷ്ടപ്പെടുമെന്നതിനാൽ വർഷാവസാനം ഒരു കാരണവശാലും തുക പിൻവലിച്ച് കൈവശം വയ്ക്കാനോ ഏതെങ്കിലും അക്കൗണ്ടിൽ നിക്ഷേപിക്കാനോ പാടില്ല. മേൽ നിർദ്ദേശങ്ങളെല്ലാം അവഗണിച്ച് 1836000/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം നല്കേണ്ടതും തുക അടിയന്തിരമായി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക്

തിരിച്ചടക്കേണ്ടതുമാണ്. 1836000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 അംഗൻവാടികളിലെ പോഷകാഹാര വിതരണം- കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ കുറവ്-വികസനഫണ്ട് വകമാറ്റപ്പെടുന്നു

അംഗൻവാടികളിലെ പോഷകാഹാര വിതരണത്തിനായി കഴിഞ്ഞ 5 വർഷങ്ങളായി ചെലവഴിക്കുന്ന തുകയുടെ 90.32 ശതമാനവും വിനിയോഗിച്ചിരിക്കുന്നത് സ്ഥാപനത്തിന് ലഭ്യമായ വികസനഫണ്ടിൽ നിന്നാണെന്ന് കണക്കുകൾ കാണിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലായി പോഷകാഹാരവിതരണത്തിനായി വിനിയോഗിച്ച തുകയുടെയും കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പോഷകാഹാര വിതരണത്തിനായി ആകെ വിനിയോഗിച്ച തുക | കേന്ദ്ര വിഹിതമായി ലഭിച്ച തുക | കേന്ദ്ര വിഹിതത്തിൽ നിന്നും വിനിയോഗിച്ച തുക | വികസന ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക | മറ്റ് ഫണ്ടുകൾ | വികസന ഫണ്ടിൽ നിന്നും വിനിയോഗിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 2012-13 | 2779070 | 454765 | 272681 | 2200000 | 306389 | 79.16 |
| 2013-14 | 3200000 | 399740 | -- | 3200000 | -- | 100 |
| 2014-15 | 3584687 | 423775 | 469660 | 2949300 | 165727 | 82.25 |
| 2015-16 | 3258889 | 449588 | 70635 | 3188254 | -- | 97.82 |
| 2016-17 | 2275631 | 444980 | 175631 | 2100000 | -- | 92.26 |
| ആകെ | 15098277 | 2172848 | 988607 | 13637554 | 472116 | 90.32 |

പോഷകാഹാര പരിപാടിയുടെ ആകെ ചെലവിന്റെ 50% കേന്ദ്ര ധനസഹായമായി ലഭിക്കേണ്ടതാണ്.എന്നാൽ കഴിഞ്ഞ 5 വർഷങ്ങളായി ആകെ ചെലവഴിച്ച തുകയുടെ 14.38% തുക മാത്രമാണ് മേൽ ഇനത്തിൽ ലഭിച്ചിരിക്കുന്നത്. ഇതുമൂലം ആകെ ചെലവ് തുകയുടെ 50% മായ 75.49 ലക്ഷം രൂപ പരമാവധി പ്ലാൻ ഫണ്ടിൽ നിന്നും വിനയോഗിക്കേണ്ടിടത്ത്,136.37 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ വിഹിതം ഉൾപ്പടെ)വിനിയോഗിക്കേണ്ടി വന്നു. മറ്റ് മേഖലകളിൽ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട 60.88 ലക്ഷം രൂപ ഇതുമൂലം വകമാറ്റപ്പെട്ടു.

പോഷകാഹാര പരിപാടിയ്ക്ക് ചെലവായ തുകയക്ക് ആനുപാതികമായ തുക കേന്ദ്രധനസഹായമായി ലഭിക്കുന്നതിന് ശ്രമിക്കാത്തത് വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-11 റോഡ് തകർന്നത്-തുടർനടപടി സ്വീകരിക്കുന്നില്ല

നിർവ്വഹണം: അസി.എഞ്ചിനീയർ

പ്രൊജക്ട് നമ്പർ 76/16-17 ആയി വാർഡ് 19 ൽ വിഭാവനം ചെയ്ത വട്ടക്കണ്ടിമുക്ക് മുണ്ടങ്ങാട്ട് താഴ റോഡ് കരാറെടുത്ത കരാറുകാരൻ ശ്രീ. സജീഷ്.കെ.കെ, മേൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നല്കിയ ടാർ ഉപയോഗപ്പെടുത്തി പ്രവൃത്തി നടത്തിയെങ്കിലും ആയത് ഗുണനിലവാരം കുറഞ്ഞതിനാൽ ടാറിംഗ് മഴയത്ത് ഒലിച്ചു പോയതായും റോഡ് കേടുപാട് സംഭവിച്ചതായും, ഗ്രാമപഞ്ചായത്തിന്റെ 30.9.16 ലെ 1/2016(08) നമ്പർ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. റോഡ് നാളിതുവരെയും കരാർ വ്യവസ്ഥ പ്രകാരം പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന്റെ നിരതദ്രവ്യം തടഞ്ഞുവയ്ക്കുന്നതിനും മേൽ സംഖ്യയിൽ നിന്നും ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം നികത്തുന്നതിനും, അപര്യാപ്തമായ തുക കരാറുകാരന്റെ പക്കൽ നിന്നും പലിശ സഹിതം ഈടാക്കുന്നതിനും

ആവശ്യമായ നടപടി സ്വീകരിക്കാൻ മേൽ നമ്പർ പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുമുണ്ട്. 2012-13 വർഷത്തിൽ വിഭാവനം ചെയ്ത മേൽ പ്രവൃത്തിയ്ക്ക് കരാറുകാരൻ 22/12-13 നമ്പർ പ്രകാരം 4.3.13ന് കരാർ വച്ചതായും 19.4.13 ന് 936കി.ഗ്രാം ടാർ കൈപ്പറ്റിയതായും രേഖകളിൽ നിന്നും വ്യക്തമാകുന്നു. 22.1.15, 8.6.15 എന്നീ തീയതികളിൽ ,റോഡ് അപാകതകൾ തീർത്ത് പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരന് കത്തയച്ചതല്ലാതെ, തീരുമാനം കൈക്കൊണ്ടശേഷം പോലും യാതൊരു തുടർ നടപടികളും ഇക്കാര്യത്തിൽ സ്വീകരിച്ചതായി കാണുന്നില്ല. 161000/- രൂപ എസ്റ്റിമേറ്റുള്ള മേൽ പ്രവൃത്തിയ്ക്ക് ടാർ വിതരണം ചെയ്തതല്ലാതെ മറ്റൊരു തുകയും നല്കാത്തതിനാൽ ഓഡിറ്റ് വർഷത്തിൽ 115267/- രൂപ വകയിരുത്തിയിട്ടുണ്ട്. 12-13 വർഷത്തിൽ ഏകവർഷ പ്രൊജക്ടായി വിഭാവനം ചെയ്ത പദ്ധതി, ഗ്രാമപഞ്ചായത്ത് തീരുമാനമുണ്ടായിട്ടും ആവശ്യമായ തുടർനടപടി സമയബന്ധിതമായി സ്വീകരിച്ച് അവസാനിപ്പിക്കാതെ,മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാവുന്ന ഫണ്ട്, വർഷാവർഷങ്ങളിൽ പ്രൊജക്ടിനായി വകയിരുത്തുകയും ചെലവഴിക്കാനാവാതെ നഷ്ടപ്പെടുത്തുകയും ചെയ്തതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം സമയബന്ധിതമായി ഈടാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതുമാണ്.

## 3-12 പുഴ പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് (1994) സെക്ഷൻ 218 പ്രകാരം, ടി സെക്ഷനിൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് കാര്യങ്ങൾക്കൊപ്പം ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ എല്ലാ ജലമാർഗ്ഗങ്ങളും (പഞ്ചായത്ത് പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദിളുടെ തീരങ്ങളും തടങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകകളും, തോടുകളും,തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും ചാലുകളും ,സ്റ്റാൻഡ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.മേൽ സെക്ഷന്റെ ഉപ സെക്ഷൻ 2 പ്രകാരം ഇപ്രകാരം നിക്ഷിപ്തമായ മേല്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും ഒന്നാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നതും അപ്രകാരം നിക്ഷിപ്തമാകുന്ന തീയതിമുതൽക്ക് അവ ഗ്രാമപഞ്ചായത്തിന്റെ അവകാശങ്ങളും ബാധ്യതകളുമായി തീരുന്നതുമാണ്. മയ്യഴിപ്പുഴ കടന്നുപോകുന്ന ഗ്രാമപഞ്ചായത്തിൽ മേൽ വകുപ്പുപ്രകാരം നിക്ഷിപ്തമായ നദികളും വെള്ളക്കെട്ടുകളും തീരങ്ങളുമുണ്ടെന്നിരിക്കെ, ഇവ സംബന്ധിച്ച യാതൊരു രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മേൽ സെക്ഷന്റെ ഉപവകുപ്പ് (4) പ്രകാരം ഇതിലേക്കായി ഗ്രാമ പഞ്ചായത്ത് നല്കിയിട്ടുള്ള ഒരു പെർമിറ്റ് പ്രകാരവും അതിലെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായും അല്ലാതെ സ്വയം ഏതെങ്കിലും വസ്തുക്കളോ സ്ഥലമോ നീക്കം ചെയ്യുകയോ തനിക്കായി കൈവശപ്പെടുകയോ ചെയ്യുന്നത് നിയമവിരുദ്ധമാണ്. മേൽ വകുപ്പ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി പഞ്ചായത്തിന്റെ വീഴ്ച മൂലം അന്യാധീനപ്പെടാൻ സാധ്യതയുള്ളതിനാൽ ഉപവകുപ്പ് (4) പ്രകാരമുള്ള നിയമലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. പുഴ പുറമ്പോക്ക് സംരക്ഷണത്തിന്റെ കാര്യത്തിൽ വീഴ്ച വരുത്തിയതിന് വിശദീകരണം നല്കേണ്ടതും, പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് എത്രയുണ്ടെന്ന് റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച് , സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-13 കോടതി വിധി പ്രകാരം വ്യവഹാരച്ചെലവ് ലഭിക്കേണ്ടത്- തുടർ നടപടികൾ സ്വീകരിച്ചില്ല

ഒ. എസ് നമ്പർ 270/2014 ആയി ശ്രീ അരയാക്കൂൽ താഴ ബാലൻ , വടകര മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത കേസിൽ ശ്രീ.നാണു അരയാക്കൂൽ താഴ കുനി എന്നവർ ഒന്നാം കക്ഷിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി രണ്ടാം കക്ഷിയുമായിരുന്നു. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ശ്രീ നാണുവിന് വീടുനിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിച്ചുവെന്നും ആയത് തന്റെ ഉടമസ്ഥതയിലുള്ള ഭൂമിയെ ബാധിക്കുന്നുവെന്നുമായിരുന്നു കേസിനാസ്പദമായ വിഷയം. ഇക്കാര്യങ്ങൾ പരിശോധിച്ച കോടതി കേസ് ഫയൽ ചെയ്യുന്നതിനുമുമ്പ് ,കേരള പഞ്ചായത്ത് രാജ് ആക്ട് , സെക്ഷൻ 249 പ്രകാരമുള്ള നോട്ടീസ് നല്കിയിട്ടില്ലെന്ന കാരണത്താൽ കോടതിച്ചെലവ് നല്കണമെന്ന വ്യവസ്ഥയോടെ, വാദിക്ക് പ്രതികൂലമായി വിധി പ്രസ്താവിച്ചു . മേൽ കേസിന്റെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് അഡ്വ.ശ്രീമതി പി ഗീതയെ നിയോഗിക്കുകയും 12000/- രൂപ ഫീസിനത്തിൽ നല്കുകയും ചെയ്തിട്ടുണ്ട് (വൗച്ചർ നം.21600554/9.11.16)

കോടതി വിധി പ്രകാരം മേൽ തുക വാദിയിൽ നിന്നും ലഭിക്കുമെന്നിരിക്കെ 11.4.2016 ന് വിധി പ്രസ്താവിച്ച കേസിന്റെ ചെലവ് നാളിതുവരെ ഈടാക്കിയിട്ടില്ല. വിധി പ്രസ്താവിച്ച് 7 മാസത്തോളം കഴിഞ്ഞാണ് ഫീസ് നല്കിയത് എന്നത് ഇവിടെ പ്രസക്തമാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. തുക അടിയന്തിരമായി ഈടാക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതുമാണ്. 12000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-14 എസ്.എസ്.എ.പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിൽ വീഴ്ച

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി പ്രകാരം എസ്.എസ്.എ.ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി തുക അനുവദിച്ചിട്ടുണ്ട്.

പദ്ധതിചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 15/16-17 |
| അടങ്കൽ | 1250125/- |
| ഫണ്ട് | വികസനം(ജനറൽ) |
| ചെലവ് | 850000/- |
| ബിൽനം/തി. | 9/16-17/17.1.17 |

എസ്.എസ്.എ.പദ്ധതിയിൽ കൈമാറിയ തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കിയെന്നത് സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-15 അസി.സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം - രേഖകൾ ഹാജരാക്കിയില്ല.

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ടെണ്ടർ/ക്വട്ടേഷൻ, പർച്ചേസ് ബില്ലുകൾ, സ്റ്റോക്ക് റജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം | 21/16-17 |
| അടങ്കൽ | 210000/- |
| ഫണ്ട് | വികസനംs.c.p |
| ചെലവ് | 123750/- |
| ബിൽനം, തി. | 13/16-17 / 31.03.17 |

2)എസ്.സി വിദ്യാർത്ഥികൾക്ക് സ്റ്റീൽ ഫർണ്ണീച്ചർ,ബുക്ക് ഷെൽഫ് വിതരണം

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം | 30/16-17 |
| അടങ്കൽ | 80000 |

| | |
|---|---|
| ഫണ്ട് | വികസന ഫണ്ട് scp |
| ചെലവ് | 27828/- |
| ബിൽനം, തി. | 6/16-17 / 30.03.17 |

3)എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്റ്റ് നം | 31/16-17 |
| അടങ്കൽ | 65000/- |
| ഫണ്ട് | വികസന ഫണ്ട് scp |
| ചെലവ് | 19152/- |
| ബിൽനം, തി. | 5/16-17 / 30.03.17 |

മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 170730/-തടസ്സത്തിൽ വെയ്ക്കുന്നു

## 3-16 ആശ്രയ ഭവന പദ്ധതി ഗുണഭോക്താക്കൾക്കുള്ള ധനസഹായം ചെലവഴിക്കാതെ പ്രത്യേക ബേങ്ക് എക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നം | 22/16-17 |
| അടങ്കൽ | 1200000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 1200000/- |
| ബിൽനം, തി. | 1) 2/16-17/7.3.17<br>2) 11/16-17/30.3.17 |

ഗ്രാമപഞ്ചായത്തിലെ അഗതി ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) പദ്ധതി തുക മുഴുവൻ പ്രത്യേക ബേങ്ക് എക്കൗണ്ടിലേക്ക് മാറ്റിയിട്ടു

പദ്ധതിയിൽ നാല് ഗുണഭോക്താക്കൾക്ക് രണ്ടര ലക്ഷം രൂപ വീതം ആകെ പത്ത് ലക്ഷം രൂപയായിരുന്നു നൽകേണ്ടിയിരുന്നത്, എന്നാൽ ഇതിന് പകരം 1200000/- ലക്ഷം രൂപ മേൽ സൂചിപ്പിച്ച ബിൽ പ്രകാരം പിൻവലിച്ച് ഓർക്കാട്ടേരി സിൻഡിക്കേറ്റ് ബേങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും സി.ഡി.എസ് ചെയർപേഴ്സന്റെയും പേരിലുള്ള ജോയന്റ് എക്കൗണ്ടിലേക്ക് (നം.44072200083145) മാറ്റിയിട്ടു. 200000/- രൂപ കൂടുതൽ പിൻവലിച്ചത് വിശദീകരിക്കപ്പെടേണ്ടതാണ്. കൂടാതെ,സ.ഉ.(എം.എസ്) നം.4/2016 തി.11.01.2016 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ അനുബന്ധം 15 ഖ. 3-6 ൽ ഭവന നിർമ്മാണത്തിനുള്ള ധനസഹായം 5 ഗഡുക്കളായാണ് നൽകേണ്ടതെന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. കരാറിലേർപ്പെട്ട് കഴിഞ്ഞാൽ 10% തുടർന്ന് സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തറപ്പണി കഴിഞ്ഞാൽ 30%, ചുമർപണി കഴിഞ്ഞാൽ 30%, മേൽക്കൂര നിർമ്മിച്ചാൽ 20%, മുഴുവൻ പണികളും പൂർത്തീകരിച്ചാൽ 10% എന്നാൽ ഇത് പരിഗണിക്കാതെ സാമ്പത്തിക വർഷാവസാനം പദ്ധതിപ്പണം മുഴുവൻ ബേങ്ക് എക്കൗണ്ടിലേക്ക് മാറ്റിയിട്ടു.

2) ഒന്നാം ഘട്ട പദ്ധതിയിലെ ഗുണഭോക്താക്കളെ പരിഗണിക്കാതെ രണ്ടാം ഘട്ട പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

2003-04 സാമ്പത്തിക വർഷത്തിലാണ് ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിയിൽ ഭവന നിർമ്മാണത്തിന് അർഹതയുള്ള 31 ഗുണഭോക്താക്കളുള്ളതിൽ 21 പേർക്ക് മാത്രമേ ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുള്ളൂ. ഈ പദ്ധതിയിലെ 10 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ ബാക്കിയിരിക്കേ, 2015-16 വർഷത്തിൽ തുടങ്ങിയ രണ്ടാംഘട്ട ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ഒന്നാം ഘട്ട പദ്ധതിയിലെ ഗുണഭോക്താക്കളെ പരിഗണിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ഓഡിറ്റ് വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ജവഹർ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കിയെങ്കിലും ഈ പദ്ധതിയിലും ഒന്നാം ഘട്ട ആശ്രയ പദ്ധതി ഗുണഭോക്താക്കളെ ഭവന നിർമ്മാണത്തിന് പരിഗണിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/16-17/8.9.17) മറുപടി നൽകിയിട്ടില്ല.തുക ട്രഷറിയിലേക്ക് തിരിച്ചടച്ച് അറിയിക്കേണ്ടതാണ്. ചെലവ് തുക 12,00,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-17 ലാപ് ടോപ്പ് വാങ്ങൽ - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 120/16-17 |
| അടങ്കൽ | 105000 |
| ഫണ്ട് | വികസനം. |
| ചെലവ് | 96000/- |
| ബിൽനം, തി. | 17/16-17 / 18.03.17 |

ഗ്രാമപഞ്ചായത്ത് സെക്രട്ടറി,പ്രസിഡന്റ്,അസി.എഞ്ചിനിയർ എന്നിവർക്ക് ലാപ് ടോപ്പ് വാങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ലാപ് ടോപ്പുകൾ ടെണ്ടർ നടപടികളിലൂടെ പൊതുമാർക്കറ്റിൽ നിന്ന് വാങ്ങാൻ പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഇത് അവഗണിച്ച് കെൽട്രോണിൽനിന്നും ടെണ്ടർനടപടികൾ കൂടാതെ നേരിട്ട് വാങ്ങുകയാണുണ്ടായത്.

2) പഞ്ചായത്ത്തല പ്രൊക്യൂയർമെന്റ് കമ്മിറ്റി യോഗംചേർന്ന് വാങ്ങൽ സംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

3) എയ്സർ കമ്പനിയുടെ കമ്പ്യൂട്ടറുകളാണ് കെൽട്രോൺ സപ്ലൈ ചെയ്തിരിക്കുന്നത്.കെൽട്രോൺ ഉൽപ്പദിപ്പിക്കാത്ത കമ്പ്യൂട്ടറുകൾ നേരിട്ട് കെൽട്രോണിൽനിന്നും വാങ്ങുന്നത് ശരിയായ നടപടിയല്ല

4) കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ കാരണം ചെലവ് തുക 96000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു

## 3-18 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

നിർവ്വഹണം – മെഡി.ഓഫീസർ (ഹോമിയോ)

പ്രോജക്ട് നം – 25/16-17

അടങ്കൽ – 400000/-

ഫണ്ട് – എം.ജി (എൻ.ആർ)

ചെലവ് – 400000/-

ബിൽനം.തി. – 1/16-17/ 31.01.2017

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ. ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് മേൽ സൂചിപ്പിച്ച തുക നൽകിയിട്ടുമുണ്ട്.(ഡി.ഡി.നം22380/7.2.2017) എന്നാൽ ഓഡിറ്റ് തിയ്യതിവരെ 128670/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ലഭിക്കാത്ത മരുന്നിന്റെ തുക 2,71,330 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയ്യതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 4 /5/2016 | 112500 | 134/17 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 112500 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 31/03/2017 | 980000 | 185/2017 സമ്പൂർണ്ണ മാലിന്യസംസ്കരണ പദ്ധതി തുക ഐ.ആർ.ടി സി.ക്ക് നൽകൽ | 980000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 29.3.2017 | 495000 | 181/2017 പട്ടികജാതിവിദ്ധ്യർത്ഥികൾക്ക് പഠന മുറിഒരുക്കൽ | -- | 495000 |
| ബ്ലോക്ക് പഞ്ചായത്ത് | .31.3.2017 | 848650 | 179/2017 സീനിയർ സിറ്റിസൺ റിക്രിയേഷൻ കെട്ടിട നിർമ്മാണം | -- | 848650 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം . ചെക്ക്നം | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഐ.ആർ.ടി.സി | 185/2017 സമ്പൂർണ്ണ മാലിന്യ സംസ്കരണ പദ്ധതി | -- | 980000 | -- | 980000 |

| | | | | | |
|---|---|---|---|---|---|
| | തുക ഐ.ആർ.ടി.സി.ക്ക് നൽകൽ | | | | |
| കെ.ഡബ്ല്യു.എ | 197/2017<br>മൊട്ടപ്പാറ കുടിവെള്ള പദ്ധതി അനുബന്ധ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 21601055 | 190000 | --- | 190000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല. വായ്പാ തിരിച്ചടവിന്റെ വിവരങ്ങൾ താഴെ നൽകുന്നു.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ വർഷം, | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| മത്സ്യ മാർക്കറ്റ് കെട്ടിടനിർമ്മാണം | കെയുആർഡിഎഫസി 190/14തിയ്യതി. 29.1.15 | 2015-16 | 2178000 | 233358 | 187116 | 1944642 |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ332/10. എൽ.എസ്.ജി.ഡി. 29.1.2010 | 2009-10 | 281954 | 281954 | ---- | ---- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2463483 |
| തൻവർഷം നിക്ഷേപിച്ച തുക | 231221 |
| ആകെ | 2694704 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2694704 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ESCB orkkatteriNo.103010072746 | 389355 |
| KDC Bank orkatteri 100181806120034 | 257742 |
| KDC Bank orkatteri 100181806120035 | 269903 |
| KDC Bank orkatteri 100181806120036 | 1777704 |
| ആകെ | 2694704 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-5 | 10890 | ----- | 11603500005/ 25.08.16 |
| 2015-16 | | 5350<br>6000 | കുന്നമ്മക്കര സർവ്വീസ്-കോ-ഓപ്പറേറ്റിവ് ബാങ്ക്<br>വൃന്ദ ദിനേഷ് കുറുപ്പ് | 11603103590/ 31.10.16<br>11603103302/18.10.16 |

## 4-7. സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 7 | 2004-05 | 11.4.1 | തൊഴിൽ പരിശീലന പദ്ധതികൾ പരാജയപ്പെട്ടു | |
| 2000-01 | ഭാഗം 1 | 2005-06 | 67.6.3 | ബജറ്റ് തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലും വീഴ്ച | |

| | | | | | |
|---|---|---|---|---|---|
| 2000-01 | 3-8 | 2005-06 | 67.9.12 | പെൻഷൻ അപാകതകൾ | |
| 2001-02 | ഭാഗം 1 | 2005-06 | 67.11.12 | ആഭ്യന്തര നിയന്ത്രണം പാളുന്ന അപാതകൾ ഏറുന്നു. | |
| 2000-01 | | 2005-06 | 67.14.21 | നികുതി പിരിക്കുന്നതിലെ അലംഭാവം | |
| 2009-10 | 3-9 | 2012-13 | 4.7.1 | ആസൂത്രണത്തിലെ പിഴവ് -കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നിലച്ചു | |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79451601.53 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43925213 |
| വരവിനങ്ങളിലുള്ള നഷ്ടം | 242650 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 70922 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4528822/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 50500 | | വികെ ശശികുമാർ,അസി.സെക്രട്ടറി. സെക്രട്ടറി ഇൻചാർജ്ജ് |
| 2-9 | 192150 | | വികെ ശശികുമാർ,അസി.സെക്രട്ടറി, സെക്രട്ടറി ഇൻചാർജ്ജ് |
| 3-5 | | 56200 | വികെ ശശികുമാർ,അസി.സെക്രട്ടറി, സെക്രട്ടറി ഇൻചാർജ്ജ് |
| 3-6 | | 2722 | ഷീന.സി.എം അസി.എഞ്ചിനിയർ |

| | | | |
|---|---|---|---|
| | | | |
| 3-13 | | 12000 | മാത്യു.കെ.ഡാനിയൽ<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,20,000രൂപ | വി.കെ ശശികുമാർ.അസി.സെക്രട്ടറി,റിട്ടയർഡ് |
| 3-7 | 190000 | വി.കെ ശശികുമാർ.അസി.സെക്രട്ടറി,റിട്ടയർഡ് |
| 3-8 | 644762 | വി.കെ ശശികുമാർ.അസി.സെക്രട്ടറി,റിട്ടയർഡ് |
| 3-9 | 1836000 | വി.കെ ശശികുമാർ.അസി.സെക്രട്ടറി,റിട്ടയർഡ് |
| 3-15 | 170730 | വി.കെ ശശികുമാർ.അസി.സെക്രട്ടറി,റിട്ടയർഡ് |
| 3-16 | 1200000 | വി.കെ ശശികുമാർ.അസി.സെക്രട്ടറി,റിട്ടയർഡ് |
| 3-17 | 96000 | വി.കെ ശശികുമാർ.അസി.സെക്രട്ടറി,റിട്ടയർഡ് |
| 3-18 | 271350 | ഡോ.പ്രതിഭ, ഹോമിയോ ഡോക്ടർ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-----

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-----

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.കെ<br>ശശികുമാർ.അസി.സെക്രട്ടറി,<br>റിട്ടയർഡ് | വി.കെ ശശികുമാർ.അസി.സെക്രട്ടറി,<br>റിട്ടയർഡ് | കൗസ്തുഭം,അടക്കാതെരു |
| ഷീന.സി.എം<br>അസി.എഞ്ചിനീയർ | ഷീന.സി.എം<br>അസി.എഞ്ചിനീയർ | ചാത്തോത്ത് മീത്തൽ<br>പാലയാട് നട പി.ഒ<br>വടകര |
| മാത്യു.കെ.ഡാനിയൽ<br>സെക്രട്ടറി | | കരിപ്പള്ളിഹൗസ്<br>ദീർപ്പാറ,കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽഎഫ്.കെകെഡി(എസ്1)1410/99തീ.8.8.2000 | 1 |
| 1998-99 (ചെലവ്) | എൽഎഫ്.കെകെഡി(എസ്1)922/02തീ.23.1.03 | 15 |
| 1999-00(പ്ലാൻ) | എൽഎഫ്.കെകെഡി(എസ്1)1434/03തീ.25.2.04 | 7 |
| 2000-01(പ്ലാൻ) | എൽഎഫ്.കെകെഡി(എസ്1)1435/03തീ.25.2.04 | 7 |
| 2000-01 (പ്ലാൻ ഒഴികെ) | എൽഎഫ്.കെകെഡി(പി2)341/04 തീ.6.1.15 | 8 |
| 2000-01 | എൽഎഫ്.കെകെഡി(എസ്1)47/05തീ.2.4.05 | 11 |
| 2001-02 (പ്ലാൻ ഒഴികെ) | എൽഎഫ്.കെകെഡി(എസ്1)1151/07തീ.4.4.08 | 8 |
| 2001-02(പ്ലാൻ) | എൽഎഫ്.കെകെഡി(എസ്1)596/03തീ.25.2.04 | 10 |
| 2002-03 | എൽഎഫ്.കെകെഡി(എസ്1)1151/07തീ.4.4.08 | 8 |
| 2003-04 | എൽഎഫ്.കെകെഡി(എസ്2)501/08തീ.14.10.08 | 5 |
| 2004-05 | എൽഎഫ്.കെകെഡി(എസ്1)1151/07തീ.27.9.08 | 11 |
| 2005-06 | എൽഎഫ്.കെകെഡി(എസ്2)535/08തീ.14.10.08 | 16 |
| 2006-07 | എൽഎഫ്.കെകെഡി(എസ്1)850/09തീ.5.1.10 | 27 |
| 2007-08 | എൽഎഫ്.കെകെഡി(എസ്1)1182/10തീ.9.6.11 | 28 |
| 2008-09 | എൽഎഫ്.കെകെഡി(എസ്2)1510/11തീ.5.3.12 | 17 |
| 2009-10 | എൽഎഫ്.കെകെഡി(എസ്2)1511/11തീ.14.5.12 | 33 |

| | | |
|---|---|---|
| 2010-11,2011-12 | എൽഎഫ്.കെകെഡി(പി5)1724/13തീ.30.1.14 | 17 |
| 2012-13,<br>2013-14 | എൽഎഫ്.കെകെഡി(പി5)364/16തീ.05.03.2016 | 16 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/1146/2016. | 15 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി5/2107/2016 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

**1**

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി പി.5/1919/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഫോൺ: 04952371012
ഇ-മെയിൽ:dokkd.ksad@kerala.gov.in
തീയ്യതി: 01.11.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA KKD/P5/1919/17

Kerala State Audit Department,

District Audit Office,Civil station, Kozhikode

Phone:04952371012

Email:- dokkd.ksad.kerala.gov.in

Dated: 31.01.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Eramala Grama Panchayat in Kozhikode District for the year ended on 31-03-2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statement of Eramala Grama Panchayat for the year 2016-17 except the observations in My audit report properly presents the picuture of income and expenditure.

Deputy Director
KERALA STATE AUDIT DEPARTMENT.